# കേരള ആരോഗ്യശാസ്ത്ര
# സർവ്വകലാശാല

## 2011- 12

വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ
ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

നം. എൽ.എഫ്.(കെ.യു.എച്ച്.എസ്) ജി.1-114/2015

കേരള ആരോഗ്യശാസ്ത്ര
സർവ്വകലാശാല ലോക്കൽ ഫണ്ട് ഓഡിറ്റ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
മെഡിക്കൽ കോളേജ്.പി.ഒ., 680 596
തിയതി: 11.06.2015

ജോയിന്റ് ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്

രജിസ്ട്രാർ,
കേരള ആരോഗ്യ ശാസ്ത്രസർവ്വകലാശാല.
സർ,

വിഷയം: ലോക്കൽ ഫണ്ട് ഓഡിറ്റ്- കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്- 2011-12 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2011-12 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ/അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പരിഹാരനടപടി റിപ്പോർട്ട് തയ്യാറാക്കേണ്ടതും സർവ്വകലാശാലയുടെ മുഖ്യനിർവ്വഹകനായ വൈസ് ചാൻസലറുടെ ഉത്തരവാദിത്തം ആണ്. സർവ്വകലാശാലാ നിയമം 23(xli) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്ന കർത്തവ്യമാണ്. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. (സർവ്വകലാശാലാ നിയമം 67(7), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) )

രണ്ട് മാസത്തിന് ശേഷം ഈ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ചട്ടവും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ കാര്യാലയം ബാധ്യസ്ഥമാണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1) സെക്രട്ടറി, സംസ്ഥാന ആരോഗ്യകുടുംബക്ഷേമ വകുപ്പ് (ഉപരിപത്രം സഹിതം)
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

<u>എൽ.എഫ്.(കെ.യു.എച്ച്.എസ്) ജി.1-114/2015</u>

കേരള ആരോഗ്യശാസ്ത്ര
സർവ്വകലാശാല ലോക്കൽ ഫണ്ട് ഓഡിറ്റ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
മെഡിക്കൽ കോളേജ്.പി.ഒ., 680 596
തിയതി: 11 .06.2015

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2011-12 വർഷത്തെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 18 /കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനിയമം 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നു*

1. ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. ഡി.സാങ്കി ജോയിന്റ് ഡയറക്ടർ

## <u>1.ആമുഖം</u>.

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദവും സിദ്ധയും യോഗയും പ്രകൃതിചികിത്സയും യുനാനിയും അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്,2010', '22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം-2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിലവിൽവന്നു.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ(1994)ത്തിന്റെ പട്ടികയിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം 68(1)ലെ നിയമവ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ഈ വകുപ്പിനെ (ഉത്തരവ് നമ്പർ

586/2011/ധനം തിയതി 03.12.2011) സർക്കാർ ചുമതലപ്പെടുത്തി.

## 2. സർവ്വകലാശാലയുടെ ചുമതലകൾ

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

(I) വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;

(ii) വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യാപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക;

(iii) ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക. തുടങ്ങിയവ....... (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം,2010 വകുപ്പ് 6 കാണുക.)

## 3. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ

(i) വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(ii) വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക;

(iii) അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക;

(iv) ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക;

(v) സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക;

(vi) സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക;

(vii) സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക;

(viii) സാംക്രമിക രോഗ പഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിന് ഊന്നൽ നൽകുക;

(ix) മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(x) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക;

(xi) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക;

(xii) വൈദ്യ ശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക;

(xiii) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ്

ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂനത രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക;

(xiv) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാ സമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

## 4. സർവ്വകലാശാലയുടെ സംഘടനാരൂപം

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.

(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

(i) കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ

(ii) സർവ്വകലാശാല നേരിട്ടു നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ രണ്ടിലും അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

സർവ്വകലാശാലയുടെ കീഴിൽ 2011-12 വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്.

സർവ്വകലാശാലയുടെ കീഴിൽ 2011-12 വർഷത്തിൽ 230 അഫിലിയേറ്റഡ് കോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

| ***അഫിലിയേറ്റഡ് സ്ഥാപനങ്ങൾ*** | ***എണ്ണം*** |
|---|---|
| മെഡിക്കൽ കോളേജുകൾ | 23 |
| ഡെന്റൽ കോളേജുകൾ | 22 |
| ആയുർവേദ കോളേജുകൾ | 16 |
| ഹോമിയോ കോളേജുകൾ | 5 |

| | |
|---|---|
| സിദ്ധ മെഡിക്കൽ കോളേജുകൾ | 1 |
| ഫാർമസി കോളേജുകൾ | 30 |
| നഴ്സിംഗ് കോളേജുകൾ | 107 |
| പാരാമെഡിക്കൽ കോളേജുകൾ | 26 |
| **ആകെ** | **230** |

## 5.സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങൾ (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാനിയമം വകുപ്പ് 19 കാണുക)

| ക്രമ നം. | അധികാരസ്ഥാനത്തിന്റെ പേര് | ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം (കുറഞ്ഞത്) | ചേരേണ്ട വാർഷികയോഗങ്ങളുടെ എണ്ണം | 2011-12 സാമ്പത്തിക വർഷത്തിൽ നടന്ന യോഗങ്ങളുടെ എണ്ണം | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം വകുപ്പ് |
|---|---|---|---|---|---|---|
| 1 | സെനറ്റ് | 96 | 25 / ആകെ അംഗങ്ങളുടെ നാലിലൊന്ന് | 2 | രൂപീകരിച്ചിട്ടില്ല | 20 |
| 2 | ഗവേണിംഗ് കൗൺസിൽ | 17 | 9 | 4 | 4 | 22 |
| 3 | അക്കാദമിക് കൗൺസിൽ | 37 | 10 / ആകെ അംഗങ്ങളുടെ അഞ്ചിലൊന്ന്( സ്റ്റാറ്റ്യൂട്ട് പ്രകാരം ആകെ അംഗങ്ങളുടെ നാലിലൊന്ന്) | 3 | 2 | 24 |
| 4 | പരീക്ഷാബോർഡ് | 8 | ആകെ അംഗങ്ങളുടെ രണ്ടിലൊന്ന് | 2(ഓരോ അക്കാഡമിക് ടേമിലും) | ലഭ്യമല്ല | 26 |
| 5 | പഠനബോർഡ് | 11 | ആകെ അംഗങ്ങളുടെ രണ്ടിലൊന്ന് | 1 | ലഭ്യമല്ല | 28 |
| 6 | ഫാക്കൽറ്റി | 5 | ആകെ അംഗങ്ങളുടെ രണ്ടിലൊന്ന് | 1(ഓരോ അക്കാദമിക് വർഷത്തിലും) | ലഭ്യമല്ല | 30 |

| ക്രമ നം. | അധികാരസ്ഥാനത്തിന്റെ പേര് | ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം (കുറഞ്ഞത്) | ചേരേണ്ട വാർഷികയോഗങ്ങളുടെ എണ്ണം | 2011-12 സാമ്പത്തിക വർഷത്തിൽ നടന്ന യോഗങ്ങളുടെ എണ്ണം | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം വകുപ്പ് |
|---|---|---|---|---|---|---|
| 7 | ഫിനാൻസ് കമ്മിറ്റി | 7 | 4 | 4 (ഓരോ പാദവർഷത്തിലും 1 തവണ) | 3 | 32 |
| 8 | പ്ളാനിംഗ് കമ്മിറ്റി | 15 | ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് | 3 | രൂപീകരിച്ചിട്ടില്ല | 33 |
| 9 | റിസർച്ച് കൗൺസിൽ | ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തി വി.സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ | നിയമത്തിൽ പ്രത്യേക പരാമർശമില്ല | നിയമത്തിൽ പ്രത്യേക പരാമർശമില്ല | രൂപീകരിച്ചിട്ടില്ല | 35 |
| 10 | യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ | ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തിവി.സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ | നിയമത്തിൽ പ്രത്യേക പരാമർശമില്ല | നിയമത്തിൽ പ്രത്യേക പരാമർശമില്ല | രൂപീകരിച്ചിട്ടില്ല | 36 |
| 11 | എത്തിക്സ് കമ്മിറ്റി | ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തിവി.സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ | നിയമത്തിൽ പ്രത്യേക പരാമർശമില്ല | നിയമത്തിൽ പ്രത്യേക പരാമർശമില്ല | രൂപീകരിച്ചിട്ടില്ല | 37 |
| 12 | സ്റ്റുഡൻസ് കൗൺസിൽ | 26 | ആകെ അംഗങ്ങളുടെ നാലിലൊന്ന് | 2 | രൂപീകരിച്ചിട്ടില്ല | 38 |

## 6. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിൽനിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സർവ്വകലാശാലക്കു ലഭിച്ച തനതു വരുമാനത്തിന്റെയും മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ച ഫണ്ടുകളുടെയും വരവ്, അക്കൗണ്ടുകളിൽ ഒടുക്കിയത്, പിൻവലിക്കൽ എന്നിവ പരിശോധനക്കു വിധേയമാക്കുകയുണ്ടായി.

## 7. ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| എ) വൈസ് ചാൻസലർ | ഡോ.കെ.മോഹൻദാസ് | 01.04.2011 മുതൽ 31.03.2012 വരെ |
| ബി) പ്രൊ.വൈസ് ചാൻസലർ | ഡോ. സി.രത്നാകൻ | 01.04.2011 മുതർ 31.03.2012 വരെ |
| സി) രജിസ്ട്രാർ | ഡോ.ഐപ്പ് വർഗ്ഗീസ് | 01.04.2011 മുതൽ 31.03.2012 വരെ |
| ഡി) കൺട്രോളർ ഓഫ് എക്സാമിനേഷൻ | ശ്രീ. പി.കെ.സുധീർ | 01.04.2011 മുതർ 31.03.2012 വരെ |
| ഇ) ഫിനാൻസ് ഓഫീസർ | ശ്രീ. ജി.ഗോപകുമാർ | 01.04.2011 മുതൽ 31.03.2012 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിന് താഴെ പറയുന്ന ഭാഗങ്ങൾ ഉണ്ട്.

| | |
|---|---|
| ഭാഗം - 1 | പൊതുഅവലോകനം |
| ഭാഗം - 2 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം - 3 | ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം - 4 | ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും |

## ഭാഗം 1 : പൊതു അവലോകനം

### 1.1) ബഡ്ജറ്റ് 2011-12

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 66(1) പ്രകാരം അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം ഫിനാൻസ് ഓഫീസർ, വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തിയതിക്കുമുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 23(IV) പ്രകാരം സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾക്ക് സർവ്വകലാശാലയുടെ ബഡ്ജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക എന്നത് ഗവേണിംഗ് കൗൺസിലിന്റെ ചുമതലയാണ്. വകുപ്പ് 32-2(1) പ്രകാരം സർവ്വകലാശാലയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ നടത്തുകയും ചെയ്യുക എന്നത് ഫിനാൻസ് കമ്മിറ്റിയുടെ ചുമതലയിൽപെടുന്നു.

സർവ്വകലാശാലയുടെ 2011-12 വർഷത്തെ ബഡ്ജറ്റ് ഗവേണിംഗ് കൗൺസിലിന്റെ 30.10.2010 ലെ (രണ്ടാമത് യോഗം) മീറ്റിംഗിൽ അംഗീകരിച്ചതായി കാണുന്നുണ്ട്. ഈ തീരുമാനത്തോടൊപ്പം മേലിൽ ഫിനാൻസ് കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സ് മാത്രം ഗവേണിംഗ് കൗൺസിലിന് സമർപ്പിച്ചാൽ

മതിയെന്ന തീരുമാനവും എടുക്കുകയുണ്ടായി. ഈ തീരുമാനം വകുപ്പ് 23(IV) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.ഒരു സാമ്പത്തിക വർഷത്തിന്റെ മധ്യത്തിൽ വച്ച് അടുത്ത വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചതിലൂടെ നടപടിക്രമങ്ങൾ പാലിച്ചല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പിക്കാവുന്നതാണ്.

ഫിനാൻസ് കമ്മിറ്റിയുടെ 17.02.2011 ലെ മീറ്റിംഗിൽ (രണ്ടാമത് യോഗം) 2.2 -ാം നമ്പർ അജണ്ട പ്രകാരം 2011-12 ലെ ബഡ്ജറ്റ് ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി ശുപാർശ ചെയ്തതായി കാണുന്നുണ്ട്. 30.10.2010 ലെ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ 2011-12 ലെ ബഡ്ജറ്റ് പാസ്സാക്കിയിട്ടുള്ള സാഹചര്യത്തിൽ ഫിനാൻസ് കമ്മിറ്റിയുടെ 17.02.2011 ലെ മേൽ തീരുമാനം എന്തടിസ്ഥാനത്തിലാണെന്നത് വ്യക്തമല്ല.

2012-13 ലെ ബഡ്ജറ്റിനോടൊപ്പമുള്ള 2011-12 ലെ തനത് ബഡ്ജറ്റിലെ തുകയും 30.10.2010 ൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച ബഡ്ജറ്റിലെ തുകയും തമ്മിൽ വൻ അന്തരം കാണുന്നു (പട്ടിക കാണുക). ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച ബഡ്ജറ്റിൽ നിന്നും ഇത്തരമൊരു വ്യതിയാനത്തിനുള്ള കാരണം ബോധിപ്പിക്കേണ്ടതാണ്.കൂടാതെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും.യഥാർത്ഥ വരവ്- ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ബഡ്ജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | ഗവേണിംഗ് കൗൺസിൽ 30.10.2010 ലെ തീരുമാനമനുസരിച്ച് അംഗീകരിച്ച ബഡ്ജറ്റിലെ തുകകൾ (ലക്ഷത്തിൽ) | 2012-13 ലെ ബഡ്ജറ്റിനോടൊപ്പമുള്ള 11-12 ലെ ബഡ്ജറ്റിലെ തുകകൾ (ലക്ഷത്തിൽ) | 2011-12 ലെ വാർഷിക കണക്ക് പ്രകാരമുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|
| വരവുകൾ (നോൺ പ്ലാൻ) | 1053.2 | 1313 | 2206 |
| ചെലവുകൾ (നോൺ പ്ലാൻ) | 652.1 | 828.1 | 872 |
| വരവുകൾ (പ്ലാൻ) | 5500 | 3000 | 500 |
| ചെലവുകൾ (പ്ലാൻ) | 5653 | 3720 | - |

## 1.2) സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ

2011-12 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും പ്ലാൻ ഇനത്തിൽ 5 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 3 കോടി രൂപയും കേരള ആരോഗ്യ സർവ്വകലാശാലക്ക് സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

## നോൺ പ്ലാൻ

| ക്രമ നം. | ഉത്തരവ് നമ്പറും തിയതിയും | ലഭിച്ച തുക | ഉദ്ദേശ്യം | ഡെപ്പോസിറ്റ് ചെയ്ത തിയതി |
|---|---|---|---|---|
| 1 | GO(Rt) No.1130/2012/H&FWD dt.29.03.2012 | 5,00,00,000 | ഓഫീസ് ഓട്ടോമേഷനും ഐ.ടി. പ്രൊജക്റ്റിനും | 31/03/2012 |

## പ്ലാൻ

| ക്രമ നം. | ഉത്തരവ് നമ്പറും തിയതിയും | ലഭിച്ച തുക | ഉദ്ദേശ്യം | ഡെപ്പോസിറ്റ് ചെയ്ത തിയതി |
|---|---|---|---|---|
| 1 | GO(Rt)No.692/2012/H&FWD dt.03.03.2012 | 75,00,000 | ശമ്പള ആനുകൂല്യങ്ങൾക്ക് | 22/03/2012 |
| 2 | GO(Rt)No.692/2012/H&FWD dt.03.03.2012 | 75,00,000 | " | 22/03/2012 |
| 3 | GO(Rt)No.1107/2012/H&FWD dt.29.03.2012 | 75,00,000 | " | 31/03/2012 |
| 4 | GO(Rt)No.1107/2012/H&FWD dt.29.03.2012 | 75,00,000 | " | 31/03/2012 |

### 1.3) ഓഡിറ്റ് റിപ്പോർട്ടുകൾ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിൽ പരിഗണിക്കപ്പെടുന്നില്ല.

ഈ കാര്യാലയത്തിൽ നിന്നും ഇതുവരെ പുറപ്പെടുവിച്ച 2 ഓഡിറ്റ് റിപ്പോർട്ടുകളും [2009-10 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - എൽ.എഫ്.(കെ.യു.എച്ച്.എസ്) ഇ 1-169/2013 തിയതി.16.05.2014], സർവ്വകലാശാലയുടെ പ്രാരംഭം മുതൽ 08.05.2014 വരെയുള്ള അഫിലിയേഷൻ നടപടികളിലെ കാര്യക്ഷമത സംബന്ധിച്ച പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് [എൽ,എഫ്.(കെ.യു.എച്ച്.എസ്) ഇ 1-375/14 തിയതി.30.06.2014] സർവ്വകലാശാലയുടെ

അധികാരസ്ഥാനങ്ങളിൽ ചർച്ച ചെയ്യുകയോ, അവയുടെ അംഗീകാരത്തോടെയുള്ള മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സർവ്വകലാശാലയുടെ ഇതുവരെയുള്ള ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകളിലും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാത്തതായി പരാമർശമുണ്ട്.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 23(xli) പ്രകാരം സർവ്വകലാശാലയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ ചുമതലകളിൽ പെടുന്നതാണ്. ഓഡിറ്റർമാർ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകളും ക്രമക്കേടുകളും പരിഹരിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം 68(7) ൽ പറയുന്നു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് കിട്ടിയതിന്മേൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് അതോറിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പോരായ്മകളോ, ക്രമക്കേടുകളോ പരിഹരിക്കുകയും വിവരം 2 മാസത്തിനകം ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്.

നിയമവ്യവസ്ഥകൾ ഇപ്രകാരമായിരിക്കെ ഇതിനകം ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ പരിഗണിക്കുകയോ പരിഹാരനടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. അധികാരസ്ഥാനങ്ങളുടെ അംഗീകാരമില്ലാത്ത ഉദ്യോഗസ്ഥതല മറുപടികളാണ് മുൻ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് ലഭ്യമാക്കിയത്. അത് ഓഡിറ്റിന് സ്വീകരിക്കുവാൻ നിർവ്വാഹമില്ല. ബന്ധപ്പെട്ട നിയമങ്ങളിൽ അനുശാസിക്കുന്നവിധം ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

## 1.4 രജിസ്റ്ററുകളുടെ പരിപാലനം

എ) ക്യാഷ് ബുക്ക്

വരവ്-ചെലവ് കണക്കുകളുടെ അടിസ്ഥാന രേഖയായ ക്യാഷ് ബുക്ക് ശരിയാംവണ്ണം സൂക്ഷിച്ചുപോരുന്നില്ല. 2011-12 ൽ തുടങ്ങിയ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിലെ തിരുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. മാസാന്ത്യ – വർഷാന്ത്യ ക്യാഷ് ബുക്ക് നീക്കിയിരിപ്പുകൾ ബാങ്ക് - ട്രഷറി നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയതിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ ലഭ്യമല്ല. വാർഷിക കണക്കനുസരിച്ചുള്ള നീക്കിയിരിപ്പും ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടാത്തത് ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾക്ക് തെളിവാണ്.

ബി) അഡ്വാൻസ് രജിസ്റ്റർ

സർവ്വകലാശാല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് നിശ്ചിത മാതൃകയിലല്ല. മുൻകൂർ ക്രമീകരിക്കേണ്ട വിധം, അനുവദനീയമായ സമയപരിധി, ക്യാഷ് ബുക്ക് റഫറൻസ്, പിൻവലിച്ച തുക,

മുൻകൂർ ക്രമീകരിച്ച തിയതി, ക്രമീകരിച്ച തുക, ബാലൻസ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതുമൂലം മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

സി) ഡി.ഡി. രജിസ്റ്റർ

ഡി.ഡി. ലഭിക്കുന്ന ദിവസംതന്നെ രജിസ്റ്ററിൽ ചേർക്കുന്നതായി കാണുന്നില്ല. തപാൽ സെക്ഷനിൽ മറ്റ് തപാലുകൾക്കൊപ്പം അലക്ഷ്യമായാണ് ഡി.ഡി. കളും കൈകാര്യം ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഡി.ഡി.കൾ കൃത്യസമയത്ത് ബാങ്ക് അക്കൗണ്ടിൽ അടക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

ഡി) സ്റ്റോക്ക് രജിസ്റ്റർ

വിവിധ ഉപകരണങ്ങളുടെയും ഫർണീച്ചറുകളുടെയും സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽനിന്നും ഓരോ ഇനങ്ങളുടെയും സ്റ്റോക്ക് സംബന്ധിച്ച വിവരം അറിയാൻ കഴിയുന്നില്ല. എത്ര കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ തുടങ്ങിയവയുണ്ടെന്ന് പരിശോധിക്കാൻ അതുകൊണ്ടുതന്നെ കഴിയുന്നില്ല.

ഇ) ഗ്രാന്റ് രജിസ്റ്റർ

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളൊന്നും ഗ്രാന്റ് രജിസ്റ്ററിൽ ചേർത്തുകാണുന്നില്ല. മാത്രമല്ല സർവ്വകലാശാല സൂക്ഷിക്കുന്ന ഗ്രാന്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നില്ല.

## ഭാഗം 2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**യഥാവിധി സംവിധാനപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ വരവിനങ്ങളിലെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിൽ കഴിയുന്നതല്ല.**

### 2-1 ) ഡി.സി.ബി പത്രിക അപാകതകൾ

2.1.1 നിർണ്ണയിച്ച എല്ലാ ഇനം ഫീസുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയല്ല, തൻവർഷത്തെ ഡി.സി.ബി പത്രിക തയ്യാറാക്കിയിരിക്കുന്നത്.

സർവ്വകലാശാലയുടെ പ്രധാന വരവിനങ്ങളായ ഫീസുകൾ യഥാവിധി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും അവ ഇനം തിരിച്ച് വരവ് വക്കുന്നതിലും കടന്നുകൂടിയ അപാകതകൾ മൂലം വാർഷികക്കണക്കും ഡി.സി.ബി പത്രികയും തമ്മിലുള്ള പൊരുത്തക്കേടുകൾക്ക് കാരണമായിട്ടുണ്ട്(പട്ടിക കാണുക).നിർണ്ണയിച്ച എല്ലായിനം ഫീസുകളുടേയും ഡി.സി.ബി പത്രിക തയ്യാറാക്കാത്തതിനാൽ തൻവർഷത്തെ ആകെ വരവിന്റേയും പിരിഞ്ഞുകിട്ടാനുള്ള തുകയുടേയും കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന്

കഴിഞ്ഞിട്ടില്ല.അക്കാഡമിക് ഭരണപ്രവർത്തനങ്ങൾ ഒരു ഭാഗത്തും സാമ്പത്തിക ഭരണ നടപടികൾ വേറൊരു വഴിക്കും പരസ്പരം ഏകോപനമില്ലാതെ തുടരുകവഴി സേവനങ്ങൾ അഭ്യർത്ഥിച്ച മുൻകൂർ ലഭിച്ച തുകകൾ എത്രയെന്നോ എത്രത്തോളം തുകകൾ സേവനങ്ങൾ നൽകാൻ കഴിയാത്തതുമൂലം അക്കൗണ്ടിൽ ബാധ്യതയായി നിലനിൽക്കുന്നുവെന്നതിനോ ഒരു കണക്കും ഒരു തലത്തിലും തയ്യാറാക്കപ്പെടുകയോ വിലയിരുത്തപ്പെടുകയോ ചെയ്യുന്നതായി കാണുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ മുൻവർഷം ലഭിക്കാനുള്ള തുകകൂടി ഉൾപ്പെടുത്തിയാണോ തൻവർഷത്തെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടുള്ളതെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം. | ഇനം | വാർഷിക കണക്കുപ്രകാരം ലഭിച്ച തുക | ഡി.സി.ബി പത്രിക പ്രകാരം ലഭിച്ച തുക | വ്യത്യാസം |
|---|---|---|---|---|
| 1 | അഫിലിയേഷൻ ഫീസ് | 3,41,94,150 | 2,26,20,000 | 1,15,74,150 |
| 2 | വാർഷിക ഭരണ ഫീസ് | 4,83,60,860 | 5,721,9,410 | (-)8858550 |
| 3 | അപേക്ഷാ രജിസ്ട്രേഷൻ ഫീസ് | 1,90,63,500 | 2,19,77,000 | (-) 2913500 |
| 4 | അഫിലിയേഷൻ തുടരനുമതി ഫീസ് | 1,55,24,600 | 1,46,60,250 | 8,64,350 |
| 5 | സീറ്റ് വർദ്ധനക്കുള്ള ഫീസ് | 21,15,000 | - | 21,15,000 |
| 6 | സ്റ്റുഡൻസ് രജിസ്ട്രേഷൻ ഫീസ് | 23,82,950 | - | 23,82,950 |
| 7 | പരിശോധനാ ഫീസ് | 55,250 | - | 55,250 |
| 8 | മറ്റ് ഫീസുകൾ | 2,13,200 | - | 2,13,200 |
| 9 | സ്റ്റുഡന്റ് വെൽഫയർ ഫണ്ട് | 12000 | - | 12000 |
| 10 | ലേറ്റ് ഫീ ഫോർ ആപ്ലിക്കേഷൻ | 4,60,000 | - | 4,60,000 |
| 11 | ഡസർട്ടേഷൻ ഫീ | 23,83,850 | - | 23,83,850 |
| 12 | പരീക്ഷാഫീസ് | 3,00,28,978 | - | 3,00,28,978 |
| 13 | സ്റ്റുഡൻസ് രജിസ്ട്രേഷൻ & സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഫീ | 96,40,450 | - | 96,40,450 |
| 14 | സ്റ്റുഡൻസ് യൂണിവേഴ്സിറ്റി യൂണിയൻ ഫീ | 35,23,480 | - | 35,23,480 |
| 15 | സ്റ്റുഡൻസ് സ്പോർട്സ് അഫിലിയേഷൻ ഫീ | 34,46,880 | - | 34,46,880 |
| 16 | സ്റ്റുഡൻസ് ഐഡന്റിറ്റി കാർഡ് | 7,11,990 | - | 7,11,990 |

| | | | | |
|---|---|---|---|---|
| | ഫീ | | | |
| 17 | സ്റ്റഡൻസ് റീ അഡ്മിഷൻ ഫീ | 12,000 | - | 12,000 |
| | ആകെ | 17,36,29,138 | | 5,56,52,478 |

2.1.2. <u>ലഭിക്കാനുള്ള തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

സർവ്വകലാശാലയിൽ അക്കൗണ്ടിംഗ് സമ്പ്രദായത്തിന് നിയമാനുസൃത വ്യവസ്ഥകൾ നാളിതുവരെ ഉണ്ടായിട്ടില്ല. സർവ്വകലാശാല ധനകാര്യ കമ്മിറ്റിയുടെ 23.09.2010 ലെ തീരുമാന പ്രകാരം (അജണ്ട 1.2) സർവ്വകലാശാലയുടെ അക്കൗണ്ടിംഗ് രീതി 'Accrual based' ആയി നിശ്ചയിച്ചിരുന്നു. ഇതേ തുടർന്ന് ഗവേണിംഗ് കൗൺസിലും ആയത് അംഗീകരിച്ചതായി കാണുന്നുണ്ട്. പക്ഷേ അക്കൗണ്ട് തയ്യാറാക്കുന്ന വേളയിൽ ഇവ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ 2011-12 ലെ ഡി.സി.ബി. പത്രിക പ്രകാരം 4,76,44,450/- രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നുണ്ട്. എന്നാൽ ഈ തുക തൻവർഷത്തെ ബാലൻസ്ഷീറ്റിൽ ആസ്തിഭാഗത്ത് കിട്ടാനുള്ളതായി കാണിച്ചിട്ടില്ല. കൂടാതെ മുൻകൂർ ലഭിച്ച തുകകളുടെ വിവരം ബാധ്യതാകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ സർവ്വകലാശാലയുടെ ആസ്തിബാധ്യതയുടെ യഥാർത്ഥ വിവരം വാർഷിക കണക്കിലൂടെ ലഭിക്കുന്നില്ല.

## 2.2) ഫീസ് നിർണ്ണയിച്ച ഉത്തരവ് നിയമവിരുദ്ധം- സർവ്വകലാശാല ഫണ്ടിന് കോടികളുടെ നഷ്ടം

സർവ്വകലാശാലയിൽ നിന്ന് ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്കുള്ള വിലയാണ് ഫീസുകൾ. സർവ്വകലാശാലയുടെ വരവുകളിൽ മുഖ്യമായത് അഫിലിയേഷൻ സേവനങ്ങൾക്കുള്ള ഫീസുകളാണ്. നിശ്ചിതഫീസ് അടവാക്കുന്നത് അഫിലിയേഷൻ നൽകുന്നതിനുള്ള ഒരു മുന്നുപാധിയും മാനദണ്ഡവുമാണ്. സർവ്വകലാശാലയുടെ പ്രാരംഭ കാലഘട്ടത്തിൽ നിയമാനുസൃതം ഫീസ് നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും, വിവിധ അധികാരസ്ഥാനങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതിനാലും, കേരളത്തിലെ ഇതര സർവ്വകലാശാലകളുടേതിന് സമാനമായ നിരക്കനുസരിച്ച് (അനുബന്ധം-2 കാണുക) തയ്യാറാക്കിയ ഫീസ് ഘടന 2010-11 മുതൽ പ്രാബല്യത്തിൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച് ഉത്തരവായിരുന്നു (11/അക്കാദമിക്/കുഹാസ്/2010 തിയതി. 24.03.2010). ഫീസ് നിർണ്ണയത്തിന് നിയമാനുസൃത അധികാരസ്ഥാനങ്ങളും ഉപനിയമങ്ങളും ഇല്ലാതിരുന്ന പ്രാരംഭകാലഘട്ടത്തിൽ വൈസ് ചാൻസലറുടെ ട്രാൻസിറ്ററി പവേഴ്സ് (സർവ്വകലാശാലാ നിയമം 92 ◌ാം വകുപ്പ് ) ഉപയോഗിച്ച് പുറത്തിറക്കിയ മേൽ ഉത്തരവ് അതുകൊണ്ടുതന്നെ അംഗീകാരയോഗ്യമാണ്.

തുടർന്ന് അധികാരസ്ഥാനങ്ങൾ നിലവിൽ വന്നതിനുശേഷം (അക്കാദമിക് കൗൺസിൽ, ഫിനാൻസ് കമ്മിറ്റി) അത്തരം വേദികളിൽ ചർച്ച ചെയ്യപ്പെടാതെയും സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെയും ഫീസ് നിർണ്ണയം സംബന്ധിച്ച നിരവധി ഉദ്യോഗസ്ഥതല ഉത്തരവുകൾ ഇറക്കിയിട്ടുള്ളതായി കാണുന്നു [617/Acc/2011-12/KUHS തിയതി 31.03.2011, 617/A1/1/KUHS/2010

തിയതി 21.06.2011]. സർവ്വകലാശാലാ നിയമമനുസരിച്ച് ഫീസ് നിർണ്ണയത്തിൽ വിവിധ അധികാരസ്ഥാനങ്ങളുടെ ചുമതലകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1) അക്കാദമിക് കൗൺസിൽ | ഫീസും മറ്റ ചാർജ്ജുകളും നിർണ്ണയിക്കുന്നതിൽ ഗവേണിംഗ് കൗൺസിലിന് നിർദ്ദേശം നൽകുക [വകുപ്പ് 25(1) XX II)]. |
| 2) ഫിനാൻസ് കമ്മിറ്റി | സർവ്വകലാശാലയുടെ കാര്യങ്ങളെ ബാധിക്കുന്ന ഏതൊരു സാമ്പത്തിക പ്രവർത്തനത്തിന്മേലും ഗവേണിംഗ് കൗൺസിലിനെ ഉപദേശിക്കുകയും ശുപാർശകൾ നൽകുകയും ചെയ്യുക. [32(2) X] |
| 3) ഗവേണിംഗ് കൗൺസിൽ | സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയും അക്കാദമിക് കൗൺസിലിന്റെ ശുപാർശയനുസരിച്ചും ഫീസ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ഉണ്ടാക്കുക. |

നിയമവ്യവസ്ഥകൾ ഇങ്ങനെയായിരിക്കെ, അധികാരസ്ഥാനങ്ങൾ നിലവിൽ വന്നതിനുശേഷവും സർവ്വകലാശാലയുടെ നിയമപ്രകാരമുള്ള നികായങ്ങളിൽ ചർച്ച ചെയ്യപ്പെടുകയോ ഫീസ് നിരക്ക് നിർണ്ണയത്തിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെയും കേരളത്തിലെ ഇതര സർവ്വകലാശാലകളിലെ സമാനസേവനങ്ങൾക്കുള്ള ഫീസിനങ്ങളേക്കാൾ വൻ അന്തരമുള്ള ഫീസുകൾ നിർണ്ണയിച്ചുകൊണ്ട് പുറത്തിറക്കിയ 21.06.2011 ലെ 617/A1/1/KUHS/2010 നമ്പർ ഉത്തരവിന് (ഉദ്യോഗസ്ഥതല ഉത്തരവ്) യാതൊരു നിയമസാധുതയുമില്ല.31.3.2011 ലെ 617/Acc/2011-12/KUHS നമ്പർ ഉത്തരവ് പ്രകാരം 2010-11,2011-12,2012-13 എന്നീ വർഷങ്ങളിലെ ഫീസ് നിരക്കുകൾ നിർണ്ണയിച്ചതായും പ്രസ്തുത തീരുമാനം 04-06.2011 ലെ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതായും ടി ഉത്തരവ് പുതുക്കിക്കൊണ്ടുള്ള 21.06.2011 ലെ 617/A1/1/KUHS/2010 നമ്പർ ഉത്തരവിൽ പറയുന്നു.എന്നാൽ 04.06.2011 ലെ ഗവേണിംഗ് കൗൺസിൽ മിനിറ്റ്സും 21.06.2011 ലെ മേൽ ഉത്തരവും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ വെളിപ്പെടുന്നുണ്ട്.

**എ)** 2010-11 ലേക്ക് സർവ്വകലാശാലയുടെ ഫീസ് നിരക്കുകൾ നിർണ്ണയിച്ചുകൊണ്ട് 30.10.2010 ലെ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച ഉത്തരവുകൾ (ഓഡിറ്റ് ആധാരമാക്കിയ കണക്കുകൾ) ഇതുവരെയും ഭേദഗതി ചെയ്തിട്ടില്ല.

**ബി)** 04.06.2011 ലെ ഗവേണിംഗ് കൗൺസിൽ മിനിറ്റ്സ് പ്രകാരം യോഗത്തിൽ 2010-11 ലെ ഫീസ് നിരക്കുകൾ പരാമർശവിഷയമാക്കുക പോലുമുണ്ടായില്ല.

**സി)** 21.06.2011 ലെ ഉത്തരവിൽ കേരളത്തിലെ ഇതര സർവ്വകലാശാലയിലെ ഫീസ് നിരക്കുകളിൽ നിന്നും വലിയ അന്തരമുള്ള ഫീസ് നിരക്കുകൾ അവലംബിച്ചതു വഴി 6 കോടിയോളം രൂപയുടെ

വരുമാന നഷ്ടം ഉണ്ടാകുന്നതാകയാൽ, നിരക്കുകൾ കുത്തനെ കുറക്കാൻ തീരുമാനമെടുക്കേണ്ടപക്ഷം തീരുമാനമെടുക്കുന്നതിനുമുമ്പായി (വകുപ്പ് 77(vi)പ്രകാരമുള്ള)സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടത് വാങ്ങിയിട്ടില്ല. കൂടാതെ (വകുപ്പ് 41.3(iv)പ്രകാരം അഫിലിയേറ്റഡ് കോളേജുകളുടെ സംഗതിയിൽ വ്യവസ്ഥകൾ രൂപീകരിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി നിയമപരമായി ആവശ്യമാണ്.

**ഡി)** സർവ്വകലാശാലയിലെ ഫീസ് നിർണ്ണയത്തിന് ഉത്തരവാദപ്പെട്ട അക്കാദമിക് കൗൺസിൽ,ഫിനാൻസ് കമ്മിറ്റി മുതലായ അധികാരസ്ഥാനങ്ങളുടെയൊന്നും നിർദ്ദേശങ്ങളൊന്നും മേൽപറഞ്ഞ നടപടികളിൽ ഉണ്ടായിട്ടില്ല.

**ഇ)** 2010-11 വർഷത്തേക്കുകൂടി മുൻകാല പ്രാബല്യത്തോടെ ഫീസ് നിരക്കുകൾ നിഷ്കർഷിച്ചുകൊണ്ട് വകുപ്പ് 12(7) ലെ വൈസ്ചാൻസലറുടെ സവിശേഷ അധികാരമുപയോഗിച്ച് പുറപ്പെടുവിച്ച 21.06.2011 ലെ ഉത്തരവ് നാളിതുവരെയും ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതായി കാണുന്നില്ല.സ്വാഭാവികമായും ഈ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതല്ല.

ആയതിനാൽ 21.06.2011 ലെ ഉത്തരവനുസരിച്ച് ഫീസുകൾ ഈടാക്കിയതിനാൽ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസിനത്തിൽമാത്രം 2011-12 ൽ 5,99,39,050/- രൂപയുടെ നഷ്ടം സംഭവിച്ചതായി ഓഡിറ്റ് കാണുന്നു(പട്ടിക 1 കാണുക). ആയതിനാൽ നിയമവിരുദ്ധ നടപടികൾ സ്വീകരിച്ചതുമൂലം സർവ്വകലാശാലാ ഫണ്ടിന് സംഭവിച്ച നഷ്ടം ഇത്തരം നിയമവിരുദ്ധ നടപടികൾ ഉണ്ടാകുന്നത് തടയാൻ കഴിയാതിരുന്നതോ അഥവാ ഈവിധ അനധികൃത നടപടികൾക്ക് ഉത്തരവാദികളോ ആയ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരായ ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ, പ്രൊ.വൈസ് ചാൻസലർ, വൈസ് ചാൻസലർ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റ് വിലയിരുത്തുകയും നഷ്ടോത്തരവാദികളായ ഈ ജീവനക്കാരിൽനിന്നും തുല്യമായി ഈ തുക ഈടാക്കുവാനുള്ള നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

***പട്ടിക 1: അനധികൃത നടപടികൾ മൂലം വാർഷിക ഭരണനിർവ്വഹണ ഫീസിനത്തിൽ സർവ്വകലാശാലക്കുണ്ടായ നഷ്ടം***

| **കോഴ്സുകൾ** | **30.10.2010 ലെ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച നിരക്കുകൾ** | **21.6.2011 ലെ 617/A1/1/KUHS/2010 ഉത്തരവ് പ്രകാരം ഡിമാന്റ്** | **നഷ്ടമായി കണക്കാക്കുന്ന സംഖ്യ** |
|---|---|---|---|
| MBBS | 17000000 | 8500000 | 8500000 |
| BAMS | 5500000 | 2750000 | 2750000 |

| | | | |
|---|---|---|---|
| BHMS | 500000 | 500000 | 0 |
| BSMS | 500000 | 125000 | 375000 |
| BDS | 9500000 | 4750000 | 4750000 |
| Bsc NURSING | 51000000 | 23380000 | 27620000 |
| Bsc MLT/BPT/Optometry | 7500000 | 1537200 | 5962800 |
| B Pharm | 13500000 | 3518750 | 9981250 |
| **TOTAL** | **105000000** | **45060950** | **59939050** |

(വിശദാംശങ്ങൾക്ക് അനുബന്ധം 1 കാണുക.)

## 2-3) അധികാരസ്ഥാനങ്ങളെ നോക്കുകുത്തിയാക്കുന്ന ഉത്തരവുകൾ

തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം അധികാരസ്ഥാനങ്ങൾക്കാണെന്നിരിക്കെ സർവ്വകലാശാല ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ ഫീസ് നിരക്കുകൾ ഇളവുചെയ്തുകൊണ്ട് പുറത്തിറക്കിയ 7 ഉത്തരവുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. ഈ ഉത്തരവുകളും നടപടികളും സംബന്ധിച്ച് വിശദീകരണങ്ങൾ ആവശ്യപ്പെട്ട് സർവ്വകലാശാലക്ക് ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും (ഓഡിറ്റ് റിക്വസിഷൻ നം. 36 തിയതി 23.05.13) മറുപടി ലഭ്യമാക്കിയില്ല. ഈ ഉത്തരവുകളിൽ 7 നഴ്സിംഗ് കോളേജുകൾക്ക് അവർ 2010-11 വർഷത്തേക്ക് വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഇനത്തിൽ അടവാക്കിയ 5 ലക്ഷം രൂപ 1,25,000/- രൂപയായി ഇളവ് ചെയ്ത് ശേഷിക്കുന്ന തുക തുടർന്നുവരുന്ന വർഷത്തേക്ക് സസ്പെൻസ് ആക്കി നിർത്തിയും ക്രമീകരിച്ചിരിക്കുന്നു.(പട്ടിക കാണുക)

**സർവ്വകലാശാലാ ഉദ്യോഗസ്ഥർ ഫീസ് നിരക്കുകൾ അനധികൃതമായി കറവുചെയ്തതിന്റെയും കണക്കിൽ പുന:ക്രമീകരണം നടത്തിയതിന്റെയും വിവരങ്ങൾ**

| ക്രമ നമ്പർ | കോളേജിന്റെ പേരും, ഉത്തരവ് നമ്പറും തിയതിയും | 2010-11 ൽ അടവാക്കിയ വാർഷിക ഭരണനിർവ്വഹണ ഫീസ് | അഡ്ജസ്റ്റ് ചെയ്ത തുക | സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ച തുക |
|---|---|---|---|---|
| 1 | ലിസി കോളേജ് ഓഫ് നഴ്സിംഗ് 2530/Ac.1/nus/2010/KUHAS, 30.11.2010 | 5,00,000 | 2011-11 അപ്ലിക്കേഷൻ രജിസ്ട്രേഷൻ ഫീ 3,15,000 | 1,85,000 |
| 2 | ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിംഗ് | 5,00,000 | 2011-12 | 1,62,500 |

| | | | | |
|---|---|---|---|---|
| | 1289/Ac.1/nus/2010/KUHAS, 11.11.2010 | | അപ്ലിക്കേഷൻ രജിസ്ട്രേഷൻ ഫീ<br>3,15,000<br>2010-11<br>സ്റ്റുഡന്റ് രജിസ്ട്രേഷൻ ഫീ<br>22,500 | |
| 3 | കാരിത്താസ് കോളേജ് ഓഫ് നഴ്സിംഗ്<br>1271/Ac.1/2/2010/KUHAS, 17.03.2011 | 5,00,000 | AAF-2010-11<br>1,25,000 | 3,75,000 |
| 4 | സാൻ ജോസ് കോളേജ് ഓഫ് നഴ്സിംഗ്<br>4318/Ac.1/2/2010/KUHAS, 17.03.2011 | 5,00,000 | AAF-2010-11<br>1,25,000 | 3,75,000 |
| 5 | സെന്റ് ഗ്രിഗോറിയോസ് കോളേജ് ഓഫാ നഴ്സിംഗ്<br>2642/Ac.1/2/2010/KUHAS, 08.03.2011 | 5,00,000 | AAF-1,25,000<br>2010-11<br>അപ്ലിക്കേഷൻ രജിസ്ട്രേഷൻ ഫീ<br>3,10,000<br>15,000 | 50,000 |
| 6 | സെന്റ് ജോസഫ് കോളേജ് ഓഫ് നഴ്സിംഗ്<br>2637/Ac.1/nrs/2010/KUHAS, 19.01.2011 | 5,00,000 | അപ്ലിക്കേഷൻ രജിസ്ട്രേഷൻ ഫീ<br>2,10,000<br>സ്റ്റുഡന്റ് രജിസ്ട്രേഷൻ ഫീ<br>22,500<br>AAF-2010-11<br>1,25,000 | 1,42,500 |
| 7 | സെന്റ് തോമാസ് കോളേജ് ഓഫ് നഴ്സിംഗ്<br>4313/Ac.1/2/2010/KUHAS,17.03.2011 | 5,00,000 | AAF-2010-11<br>1,25,000<br>അപ്ലിക്കേഷൻ ഫീ 75,000 | 3,00,000 |

കേരളത്തിലെ ഇതരസർവ്വകലാശാലകളിലെ ഫീസ്ഘടന സ്വീകരിച്ചും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെയും 01.04.2010 മുതൽ പ്രാബല്യത്തിൽ സർവ്വകലാശാലയിലെ ഫീസ് നിരക്കുകൾ നിർണ്ണയിച്ച് പുറത്തിറക്കിയ ഉത്തരവ് പ്രകാരം (24.03.2010 ലെ 11/അക്കാദമിക്/കുഹാസ്/2010) 2010-11 വർഷത്തേക്ക് ബി.എസ്.സി നഴ്സിംഗ് കോഴ്സ് നടത്തുന്നതിനുള്ള വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് 5,00,000/- രൂപയായിരുന്നു. ഇതു പ്രകാരം 2010-11 വർഷത്തേക്ക് പ്രസ്തുത കോളേജുകൾ അടവാക്കിയ വാർഷിക ഭരണനിർവ്വഹണ ഫീസാണ് മേൽ പട്ടികയിലെ ഉത്തരവുകളിലൂടെ ഇളവ് ചെയ്തു കൊടുത്തിരിക്കുന്നത്.

2010-11 വർഷത്തിൽ വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഇനത്തിൽ അടവാക്കേണ്ട തുക 1,25,000/- രൂപയാണെന്നും നേരത്തേ അടവാക്കിയ 5 ലക്ഷം രൂപയിലെ ശേഷിക്കുന്ന തുക ഭാവി ഇടപാടുകൾക്കായി നീക്കിവക്കണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള കാരിത്താസ് നഴ്സിംഗ് കോളേജ് പ്രിൻസിപ്പലിന്റെ 16.02.2011 ലെ CCON/KUHS/01/2011 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ്

മേൽപട്ടികയിലെ ക്രമനമ്പർ 3 ലെ ഉത്തരവിറക്കിയിട്ടുള്ളത് (ഫയലുകളൊന്നും ലഭ്യമാക്കാത്തതിനാൽ മറ്റു വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല). ഈ ഉത്തരവിറക്കിയ കാലയളവിൽ സർവ്വകലാശാലയിലെ ഫീസ് നിരക്കുകൾ മേൽ പറഞ്ഞ രീതിയിലല്ലാതിരിക്കെ ഇത്തരമൊരു കത്തെഴുതുവാനായി കാരിത്താസ് നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന് സാധിച്ച സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. മാത്രമല്ല സർവ്വകലാശാലയിലെ ഫീസ് നിർണ്ണയത്തിന് ചുമതലപ്പെട്ട സമിതികളുടെയോ നിയമത്തിന്റെയോ പിൻബലവും അനുവാദവും കൂടാതെ പ്രാബല്യത്തിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി ഇത്തരത്തിലുള്ള ഇളവുകൾ ഉദ്യോഗസ്ഥർ അനുവദിച്ചുകൊടുത്തതും അന്വേഷണവിധേയമാക്കേണ്ടതാണ്.

2011-12, 2012-13 വർഷങ്ങളിലായി ഫീസ് നിരക്കുകൾ പുതുക്കിക്കൊണ്ട് മാർച്ച് 31-ന് സർവ്വകലാശാല നൽകിയതായി കാണുന്ന (617/Acc/2011-12/KUHS തിയതി 31.03.2011) ഉത്തരവിൽ വാർഷിക ഭരണനിർവ്വഹണ ഫീസിനം മാത്രം 2010-11 വർഷത്തേക്ക് (മുൻകാലപ്രാബല്യം) ഗണ്യമായി കുറവുചെയ്ത ഫീസ് നിരക്കുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ ബി.എസ്.സി നഴ്സിംഗ് കോഴ്സ് നടത്തുന്നതിന് 2010-11 ലേക്ക് ബാധകമായ വാർഷിക ഭരണനിർവ്വഹണ ഫീസ് 1,25,000/- രൂപയാണ്. 04.06.2011 ൽ കൂടിയ ഗവേണിംഗ് കൗൺസിൽ മേൽ ഉത്തരവ് സാധൂകരിച്ചുകൊണ്ട് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

> Action ratified. Registrar informed Governing Council that certain Management and Colleges gave representations to rectify the fees, The Pro. Vice Chancellor will be discussing the matter with the managements. The Governing Council suggested that there should be minimum about fixed for colleges. (Agenda 4.5.3)

31.03.2011 ലെ ഉത്തരവിൽ 2010-11 ലേക്ക് ബാധകമായ വാർഷിക ഭരണനിർവ്വഹണ ഫീസ് നിരക്കും (ബി.എസ്.സി നഴ്സിംഗ് കോഴ്സ്) മേൽ പട്ടികയിലെ ഉത്തരവുകളിൽ വാർഷിക ഭരണനിർവ്വഹണ ഫീസ് ആയി കണക്കാക്കി അഡ്ജസ്റ്റ് ചെയ്ത നിരക്കും ഒന്നുതന്നെയാണെന്നു (₹1,25,000/-) കാണാം. ഗവേണിംഗ് കൗൺസിൽ പിന്നീട് തീരുമാനിക്കാനിരുന്ന ഫീസ് നിരക്ക് പരിഗണിച്ചുകൊണ്ട് വാർഷിക ഭരണനിർവ്വഹണ ഫീസിനത്തിൽ അടവാക്കിയ 5 ലക്ഷം രൂപ തെറ്റായി അടവാക്കിയതായി കണക്കാക്കുകയും ശേഷിക്കുന്ന തുക തുടർന്നുവരുന്ന വർഷത്തേക്ക് സസ്പെൻസ് ആയി ക്രമീകരിച്ചുകൊണ്ട് മേൽപട്ടികയിലെ ഉത്തരവുകൾ "ദീർഘവീക്ഷണത്തോടെ" ഇറക്കാൻ കഴിഞ്ഞത് അർത്ഥഗർഭമാണ്. മേൽ ഉത്തരവുകളിലൊന്നുംതന്നെ അടവാക്കിയ 5 ലക്ഷം രൂപ എന്തടിസ്ഥാനത്തിലാണ് അധികവരവായി കണക്കാക്കിയതെന്ന പരാമർശങ്ങളില്ല. മേൽ ഉത്തരവുകളിൽ ക്രമ നമ്പർ 2 ഒഴികെയുള്ളവയെല്ലാം രജിസ്ട്രാറുടെ നേരിട്ടുള്ള ഉത്തരവുകളാണ്. ക്രമ നമ്പർ 2 ൽ മാത്രം "Sanction is therefore been accorded by the Pro-Vice Chancellor I/c Vice Chancellor............) എന്ന അധികവാക്യമുണ്ട്. മേൽ സൂചനകളെല്ലാം വാർഷിക ഭരണനിർവ്വഹണ ഫീസ് 5 ലക്ഷത്തിൽ നിന്ന് ഗണ്യമായി കുറക്കാൻ ഉദ്യോഗസ്ഥതലത്തിൽ നടന്ന അന്തർനാടകത്തിന്റെ സൂചകങ്ങളായിത്തന്നെ ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഇപ്രകാരം ഏതാനും ചില സ്ഥാപനങ്ങൾക്ക് 30.11.2010 മുതൽ 17.03.2011 വരെ കുറഞ്ഞ

നിരക്ക് അനധികൃതമായി അനുവദിക്കുകയും 1,25,000/- രൂപ എന്ന ഇളവ് നിരക്ക് ഗവേണിംഗ് കൗൺസിലിനെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തശേഷം 21.06.2011 ൽ ഫീസ് നിരക്കുകൾ 2010-11 മുതൽ മുൻകാല പ്രബല്യത്തോടെ പൊതുവായി കുറച്ചുകൊണ്ട് ഒരു ഉത്തരവും ഉണ്ടായിട്ടുണ്ട് (No.617/A1/1/KUHS/2010 തിയതി 21.06.2012). ഈ ഉത്തരവിലാകട്ടെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് വാർഷിക ഭരണനിർവ്വഹണ ഫീസ് നിശ്ചയിച്ചിരിക്കുന്നത് ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേക്ക് 2,500/- രൂപ (2,500/student/year) എന്ന തലയെണ്ണൽ നിരക്കിലായിരുന്നു. ഈ ഉത്തരവ് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതിന്റെ തെളിവുകൾ മിനിറ്റ്സുകളിൽ നിന്നും ലഭിച്ചിട്ടില്ല. നിയമപരമായി നിലനിൽക്കാത്ത ഈ ഉത്തരവ് നടപ്പിലാക്കുകവഴി വരവിനത്തിലുണ്ടായ നഷ്ടത്തെപ്പറ്റി മുൻ ഖണ്ഡികയിൽ (ഖണ്ഡിക 2.2 കാണുക) പരാമർശിച്ചിട്ടുള്ളതാണ്. സർവ്വകലാശാല അധികാരസ്ഥാനങ്ങളുടെ തീരുമാനങ്ങൾ നടപ്പാക്കാനും ഏൽപ്പിച്ചുകൊടുത്ത ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുമാണ് സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർക്ക് (9-ാം വകുപ്പ്) ചുമതലയുള്ളത്.പക്ഷേ ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ ഫീസ് നിർണ്ണയിക്കുകയും ഇളവുകൾ അനുവദിക്കുകയും ഉത്തരവുകൾ ഉണ്ടാക്കുകയും ചെയ്തുവരുന്നതും അവ സർവ്വകലാശാലയുടെ തീരുമാനങ്ങളും ഉത്തരവുകളുമായിത്തീരുന്നതായി മേൽ പരാമർശങ്ങളിലൂടെ കാണാവുന്നതാണ്. സർവ്വകലാശാലയുടെ നിയമപ്രകാരമുള്ള നികായങ്ങളിൽ (വകുപ്പ് 19) ചർച്ച ചെയ്യപ്പെടുകയോ അവലോകനം നടത്തുകയോ ചെയ്യാത്ത വിഷയങ്ങൾ സർവ്വകലാശാലാ തീരുമാനങ്ങളായി ഉത്തരവാകുന്നതിനാൽ നിയമം വിഭാവനം ചെയ്യുന്ന അധികാരസ്ഥാനങ്ങളുടെ ഉദ്ദേശം തന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

## 2.4) ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകൾ തുടങ്ങി

കേരള ആരോഗ്യ സർവ്വകലാശാല നിയമം, 2010, വകുപ്പ് 64(2) പ്രകാരം കേരള ആരോഗ്യസർവ്വകലാശാല നിധിയിലുള്ള എല്ലാ പണവും സർക്കാർ ട്രഷറിയിലോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ അതിന്റെ അസോസിയേറ്റുകളിലോ സർക്കാർ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള പരിധിവരെ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സർക്കാർ ട്രഷറിയിതര ബാങ്ക് അക്കൗണ്ടുകളിൽ പണം സൂക്ഷിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതി മുൻകൂട്ടി വാങ്ങണമെന്ന വ്യവസ്ഥ പാലിക്കാതെയാണ് സർവ്വകലാശാല വിവിധ അക്കൗണ്ടുകൾ തുടങ്ങിയിട്ടുള്ളതെന്ന് കാണുന്നു. (10 ബാങ്ക് അക്കൗണ്ടുകൾ നിലവിലുള്ളതായി സർവ്വകലാശാല തന്നെ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 16.1.13, 24.4.13 തിയതികളിലെ 6827/KUHS/Fin/Audit Enquiry/2012 നമ്പർ സർവ്വകലാശാല കത്തുകൾ.)

സർവ്വകലാശാലയുടെ പ്രാരംഭത്തിൽ ധന ഇടപാടുകൾ നടത്തുന്നതിനായി സർക്കാർ ഉത്തരവ് നം ജി.ഒ.(Rt) 7645/09/Fin തീയതി 12/11/2009 പ്രകാരം നോഡൽ ഓഫീസറുടെ പേരിൽ ഒരു പലിശരഹിത ട്രഷറി സേവിംസ് ബാങ്ക് അക്കൗണ്ട് സബ്ട്രഷറി തൃശ്ശൂരിൽ തുടങ്ങാൻ അനുമതിയായിരുന്നു. തുടർന്ന്, ട്രഷറിയിൽ ബാങ്കിൽ ലഭിക്കുന്ന എല്ലാ സേവനങ്ങളും ലഭ്യമല്ലാത്തതിനാൽ എസ്.ബി.ഐ യിൽ ഒരു അക്കൗണ്ട് തുടങ്ങാൻ സർക്കാരിനോട്

അഭ്യർത്ഥിച്ചവെങ്കിലും (vide letter No Accounts.27/10/KUHAS dated 07.01.2010) ധനകാര്യ സെക്രട്ടറിയുടെ 22.02.10.ലെ 3782/SL2/2010/Fin കത്ത് പ്രകാരം ഈ ആവശ്യം നിരസിച്ചിരുന്നു. എങ്കിലും 03.07.2010 ലെ ജി.ഒ (Rt)5281/10/Fin സർക്കാർ ഉത്തരവ് പ്രകാരം എസ്.ബി.ഐ യിൽ ഒരു അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയതായി കാണുന്നുണ്ട്. എന്നാൽ ഈ ഉത്തരവിനു മുമ്പുതന്നെ 28.01.2010 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വടക്കാഞ്ചേരി ശാഖയിൽ സർവ്വകലാശാല അക്കൗണ്ട് തുടങ്ങിയിരുന്നു.(അക്കൗണ്ട് നമ്പർ 31032775039).ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകളൊന്നും ഫയലിൽ ലഭ്യമല്ല . മേൽ പരാമർശ സർക്കാർ ഉത്തരവ് ലഭിച്ചതിനുശേഷം പ്രത്യേക ഉത്തരവുകൾ ഒന്നുമില്ലാതെ തന്നെ എസ്.ബി.ഐ. KUHS ബ്രാഞ്ചിൽ നിരവധി അക്കൗണ്ടുകൾ തുടങ്ങിയതായി കാണുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി LF/KUHS/E1-122/2013 തിയതി 15.06.2013 നമ്പർ കത്തിന് ഓരോ അക്കൗണ്ട് തുടങ്ങുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുന്നത് പ്രയോഗികമല്ലെന്ന വാദമാണ് സർവ്വകലാശാല ഉന്നയിച്ചത്. (സർവ്വകലാശാല കത്ത് നമ്പർ 6827/KUHS/Fin/LF Audit Enquiry/2012 തിയതി 17.6.2013). സർവ്വകലാശാല ഫണ്ട് സർക്കാർ ട്രഷറിയിലല്ലാതെ സൂക്ഷിക്കുന്നതിലേക്ക് സർക്കാരിന്റെ പ്രത്യേക അനുമതി വേണമെന്ന നിയന്ത്രണ വ്യവസ്ഥയെ മറികടന്നു പ്രവർത്തിച്ചുവെന്നത് വസ്തുതയായിരിക്കെ, ആകെ എത്ര അക്കൗണ്ടുകൾ, എവിടെയെല്ലാം ആരുടെ അധികാരത്തിൻ കീഴിൽ നിലവിൽ ഉണ്ട് എന്നൊക്കെ ഉറപ്പിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ അതിന്റെ അസോസിയേറ്റുകളിലോ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ അക്കൗണ്ടുകൾ തുടങ്ങി പണം സൂക്ഷിക്കാം എന്ന നിയമവ്യവസ്ഥയെ മറികടന്നുകൊണ്ട് ഒരു ഷെഡ്യൂൾഡ് ബാങ്കായ ധനലക്ഷ്മി ബാങ്കിന്റെ തൃശ്ശൂർ മെഡിക്കൽ കോളേജ് ബ്രാഞ്ചിലും 28/9/2010 ൽ ഒരു അക്കൗണ്ട് തുടങ്ങുകയുണ്ടായി. (അക്കൗണ്ട് നമ്പർ 026200100142127). എന്നാൽ ഒരു മാസം കഴിഞ്ഞ് 28/10/2010 ലെ E.1542/FIN/KUHAS/2010 നമ്പർ കത്ത് പ്രകാരമാണ് സർക്കാരിലേക്ക് അക്കൗണ്ട് തുടങ്ങാനുള്ള അനുമതി ചോദിക്കുന്നത്. സർക്കാർ അനുമതി നിഷേധിച്ചതോടെ ഈ അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടിവന്നു. (സർക്കാർ കത്ത് നം. 46420/എസ്.3/2010/H & FWD തിയതി 21.12.2010).അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന 6165/- രൂപ ഡി.ഡി.നം 487091/2501.2011 പ്രകാരം സർവ്വകലാശാലക്ക് തിരികെ ലഭ്യമാക്കിയിട്ടുണ്ട്.

2011-12 ലെ വാർഷിക കണക്കുപ്രകാരം സർവ്വകലാശാലയിൽ നിലവിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരവും 31.03.2012 ലെ നീക്കിയിരിപ്പും താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ടിന്റെ വിശദാംശങ്ങൾ | അക്കൗണ്ട് നം. | നീക്കിയിരിപ്പ് as on 31.03.2012 |
|---|---|---|---|
| 1 | SBI-വടക്കാഞ്ചേരി | 31032775039 | 5,53,697 |
| 2 | SBI KUHS- general Fund | 31547327832 | 34,52,957 |
| 3 | SBI KUHS- Students Fee A/c | 31340212316 | 18,15,583 |
| 4 | SBI KUHS-Students welfare Fund | 3156992870 | 12,264 |

| | | | |
|---|---|---|---|
| 5 | SBI KUHS-Exam Fee | 31768842875 | 51,56,529 |
| 6 | SBI KUHS- Project A/c | 31768843801 | 2,96,057 |
| 7 | SBI KUHS-Diary & Publication A/c | 31548238861 | 3,19,977 |

## ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3.1) കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ജീവനക്കാര്യം : നിയമനങ്ങളിലെ നിയമാനുവർത്തനം

കേരള ആരോഗ്യ സർവ്വകലാശാലാ നിയമം 24.01.2011 ലെ 15194/leg.H1/2010/Law എന്ന നമ്പറിലുള്ള വിജ്ഞാപനപ്രകാരവും സ്റ്റാറ്റ്യൂട്ട് 04.04.2013 ലെ ജി.ഒ.(പി) നമ്പർ 125/2013/എച്ച്. & എഫ്.ഡബ്ളിയു.ഡി പ്രകാരവുമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിലെ ആരോഗ്യ വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനും ഗവേഷണ തത്പരത വർദ്ധിപ്പിക്കുന്നതിനുമായി 07.12.2009 ൽ വിളംബരം ചെയ്ത കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ഓർഡിനൻസ്, പ്രകാരം ആരോഗ്യശാസ്ത്ര സർവ്വകലാശാല സ്ഥാപിതമായി. സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് സർക്കാർ വിവിധ തസ്തികകൾ സൃഷ്ടിച്ചിരുന്നു. തസ്തികകളിലേക്കുള്ള നിയമനം ഓർഡിനൻസ്, നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമാണെന്നും നിഷ്കർഷിച്ചിരുന്നു.

സർവ്വകലാശാലയുടെ രൂപീകരണം മുതൽ 31.03.2012 വരെ സർക്കാർ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2012 ഫെബ്രുവരിമാസം ജോലിചെയ്തിരുന്ന ജീവനക്കാരുടെ എണ്ണവും നിയമനം നടത്തിയ രീതിയും അതോടൊപ്പം ചേർത്തിട്ടുണ്ട്. മുഴുവൻ കാലയളവിലേയും ഹാജർ പുസ്തകങ്ങൾ ലഭ്യമാക്കാത്തതിനാൽ മാർച്ച് 2012 ൽ മാറിയ ശമ്പളബില്ലുകളിൽനിന്നുമാണ് നിലവിലെ ജീവനക്കാരുടെ എണ്ണം ചേർത്തിരിക്കുന്നത്.

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1. | വൈസ് ചാൻസലർ | ജി.ഒ (എം.എസ്) നം. 420/2009/ H & FWD തിയതി 18.12.2009 | 1 | ഓർഡിനൻസും സർവ്വകലാശാല പുറപ്പെടുവിക്കാൻ പോകുന്ന സ്റ്റാറ്റ്യൂട്ടും അനുസരിച്ച് | 1 | സർക്കാർ നിയമനം | |
| 2. | പ്രൊ | -do- | 1 | ,, | 1 | സർക്കാർ | ഫയൽ |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | .വൈസ് ചാൻസലർ | | | | | നിയമനം | ലഭ്യമായില്ല |
| 3. | രജിസ്ട്രാർ | -do- | 1 | ,, | 1 | ഡെപ്യൂട്ടേഷൻ & റീ എംപ്ളോയ്മെന്റ് | ,, |
| 4. | കൺട്രോളർ ഓഫ് എക്സാമിനേഷൻ | -do- | 1 | ,, | 1 | നേരിട്ടുള്ള നിയമനം | |
| 5. | ഫൈനാൻസ് ഓഫീസർ | -do- | 1 | ,, | 1 | ഡെപ്യൂട്ടേഷൻ | |
| 6 | ഡീൻ | ജി.ഒ (എം.എസ്) 47/2010/ H & FWD തിയതി 03.02.10 | 3 | നേരിട്ടോ ഡെപ്യൂട്ടേഷൻ മുഖേനയോ | 2 | ഒരു തസ്തികയിൽ നേരിട്ടും ഒരു തസ്തികയിൽ ഡെപ്യൂട്ടേഷൻ മുഖേനയും | |
| 7 | ഡെപ്യൂട്ടി രജിസ്ട്രാർ | -do- | 1 | നേരിട്ടോ മറ്റ് സർവ്വകലാശാലകളിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയോ | - | - | |
| 8 | അസിസ്റ്റന്റ് രജിസ്ട്രാർ | -do- | 2 | -do- | 1 | ഡെപ്യൂട്ടേഷൻ | |
| 9 | സെക്ഷൻ | -do- | 3 | കേരളത്തിലെ മറ്റ് | 5 | -do- | |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | ഓഫീസർ | ജി.ഒ (എം.എസ്) 731/2010/ H & FWD തിയതി 02.12.10 | 2 | യൂണിവേഴ്സിറ്റികളിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന | | | |
| | | ജി.ഒ (എം.എസ്) 41/2010/ H & FWD തിയതി 04.02.12 | 1 | | | | |
| 10 | അസിസ്റ്റന്റ് | ജി.ഒ (എം.എസ്) 420/2009/ H & FWD തിയതി 18.12.2009 | 5 | യൂണിവേഴ്സിറ്റി നിയമം / സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടോ അല്ലെങ്കിൽ മറ്റു സർവ്വകലാശാലകളിൽ നിന്നോ ഗവ. സെക്രട്ടറിയേറ്റിൽ നിന്നോ ഡെപ്യൂട്ടേഷൻ മുഖേനയോ | 26 | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 17 പേരും<br><br>കരാറടി സ്ഥാനത്തിൽ 9 പേരും | |
| | | ജി.ഒ (എം.എസ്) 731/2010/ H & FWD തിയതി 02.12.2010 | 10 | യൂണിവേഴ്സിറ്റി നിയമം / സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടോ മറ്റു സർവ്വകലാശാലകളിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയോ | | | |
| | | ജി.ഒ (എം.എസ്) 41/2012/ H & FWD തിയതി 04.02.2012 | 8 | അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയോ അവരുടെ അഭാവത്തിൽ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്ന് | | | |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | | | | ഡെപ്യൂട്ടേഷൻ മുഖേനയോ | | | |
| | | ജി.ഒ (എം.എസ്) 275/2009/ H & FWD തിയതി 01.08.2009 | 2 | - | | | ഉത്തരവ് ലഭ്യമായില്ല |
| 11 | അക്കൗണ്ടന്റ് | ജി.ഒ (എം.എസ്) 47/2010/ H & FWD തിയതി 03.02.2010 | 1 | യൂണിവേഴ്സിറ്റി നിയമം,സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടുള്ള നിയമനമോ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നോ ഗവ.സെക്രട്ടറിയേറ്റിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ ഡെപ്യൂട്ടേഷൻ മുഖേനയോ | - | | |
| 12 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ജി.ഒ (എം.എസ്) 47/2010/ H & FWD തിയതി 03.02.2010 | 2 | -do- | 10 | ഡെപ്യൂട്ടേഷനിൽ 2 പേരും കരാറടിസ്ഥാനത്തിൽ 8 പേരും | ഫയൽ ലഭ്യമായില്ല |
| | | ജി.ഒ (എം.എസ്) 41/2012/ H & FWD തിയതി 04.02.2012 | 4 | മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ ഡെപ്യൂട്ടേഷൻ നിയമനം | | | |
| 13 | യൂണിവേഴ്സിറ്റി എഞ്ചിനീയർ | ജി.ഒ (എം.എസ്) 47/2010/ H & FWD തിയതി | 1 | നേരിട്ടുള്ള നിയമനമോ അല്ലെങ്കിൽ മറ്റ് | 1 | | തസ്തിക താത്ക്കാലികമായി |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | | 03.02.2010 | | യൂണിവേഴ്സിറ്റികളിൽ നിന്നോ,ഗവ. സെക്രട്ടറിയേറ്റിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ ഡെപ്യൂട്ടേഷൻ മുഖേനയോ | | | പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്) എന്നാക്കി മാറ്റം വരുത്തി |
| 14 | സിസ്റ്റം മാനേജർ | -do- | 1 | -do- | 1 | നേരിട്ടുള്ള നിയമനം | ഫയൽ ലഭ്യമായില്ല |
| 15 | പ്രോഗ്രാമർ ഐ.ടി | do- | 1 | യൂണിവേഴ്സിറ്റി നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടുള്ള നിയമനമോ അല്ലെങ്കിൽ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ ഡെപ്യൂട്ടേഷൻ മുഖേനയോ | - | | |
| 16 | ജൂനിയർ പ്രോഗ്രാമർ ഐ.ടി | -do- | 1 | -do- | - | | |
| 17 | പ്യൂൺ | -do- | 3 | -do- | 2 | ഡെപ്യൂട്ടേഷൻ | ഫയൽ ലഭ്യമായില്ല |
| | | ജി.ഒ (എം.എസ്) 731/2010/H& FWD തിയതി 02.12.2010 | 2 | യൂണിവേഴ്സിറ്റി നിയമം / സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടുള്ള നിയമനം | | | |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | | ജി.ഒ (എം.എസ്) 275/2009/H& FWD തിയതി 01.08.2009 | 1 | - | | | ഉത്തരവ് ലഭ്യമായില്ല |
| 18 | ഡ്രൈവർ | ജി.ഒ (എം.എസ്) 47/2010/H& FWD തിയതി 03.02.2010 | 1 | യൂണിവേഴ്സിറ്റി നിയമം / സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടോ അല്ലെങ്കിൽ മറ്റ് സർവ്വകലാശാലകളിൽ നിന്നോ ഗവ. സെക്രട്ടറിയേറ്റിൽ നിന്നോ ഡെപ്യൂട്ടേഷനിലോ | 3 | ഡെപ്യൂട്ടേഷനിൽ ഒരാളും ദിവസ വേതനത്തിൽ രണ്ടു പേരും | ഫയൽ ലഭ്യമായില്ല |
| | | ജി.ഒ (എം.എസ്) 731/2010/H& FWD തിയതി 02.12.2010 | 2 | ദിവസവേതനത്തിൽ നേരിട്ടുള്ള നിയമനം | | | |
| 19 | കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് | ജി.ഒ (എം.എസ്) 731/2010/H& FWD തിയതി 02.12.2010 | 3 | യൂണിവേഴ്സിറ്റി നിയമം / സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടോ അല്ലെങ്കിൽ മറ്റ് സർവ്വകലാശാലകളിൽ നിന്ന് ഡെപ്യൂട്ടേഷനിലോ | 1 | കരാർ വ്യവസ്ഥയിൽ | റിസപ്ഷനിസ്റ്റ് എന്ന പേരിൽ |
| 20 | | -do- | 1 | യൂണിവേഴ്സിറ്റി | - | | |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| | സാർജന്റ് | | | നിയമം / സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം നേരിട്ടുള്ള നിയമനം | | | |
| 21 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ജി.ഒ (എം.എസ്) 41/2012/H& FWD തിയതി 04.02.2012 | | അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിൽ നിന്നും അഡീഷണൽ സെക്രട്ടറി /ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന. ഇവരുടെ അഭാവത്തിൽ യൂണിവേഴ്സിറ്റികളിൽ നിന്നും ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന | - | | |
| 22 | അസിസ്റ്റന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | -do- | 1 | മറ്റ് സർവ്വകലാശാലകളിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന | - | | |

| ക്രമ നം. | തസ്തിക | തസ്തിക സൃഷ്ടിച്ച ഉത്തരവ് നമ്പർ/ തിയതി | തസ്തികയുടെ എണ്ണം | ഉത്തരവു പ്രകാരം നിയമന രീതി | നിയമിച്ച എണ്ണം | നിയമനം നടത്തിയ രീതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 23 | അസിസ്റ്റന്റ് എഞ്ചിനീയർ (ഐ.ടി & ഇലക്ട്രിക്കൽ) | -do- | 1 | -do- | - | | |
| 24 | ഹാർഡ് വെയർ ടെക്നിഷ്യൻ | -do- | 1 | -do- | - | | |

മേൽപറഞ്ഞവ കൂടാതെ സിവിൽ എഞ്ചിനീയർ, ലെയ്സൺ ഓഫീസർ, കൺസൾട്ടന്റ് എന്നീ നിലകളിൽ സർക്കാർ അംഗീകാരമില്ലാതെ തസ്തിക സൃഷ്ടിച്ച് കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കാഷ്വൽ സ്വീപ്പർമാരായി രണ്ടുപേരും കേരള എക്സ് സർവ്വീസ് ലീഗിൽ നിന്ന് 3 പേർ സെക്യൂരിറ്റി ഗാർഡായും 2012 ഫെബ്രുവരി മാസത്തിൽ സർവ്വകലാശാലയിൽ ജോലി ചെയ്തിട്ടുണ്ട്.

## 3.1.1.നിയമനനടപടികളിൽ കണ്ട പൊതു അപാകതകൾ

- വ്യക്തികൾക്കനുസൃതമായി തസ്തികകളും യോഗ്യതകളും ശമ്പളസ്കെയിലും സൃഷ്ടിച്ച് നിയമനം
- ഭരണഘടന ഉറപ്പുതരുന്ന മൗലികാവകാശമായ അവസരസമത്വം സർവ്വകലാശാലാ നിയമനങ്ങളിൽ ഉറപ്പാക്കിയില്ല.
- യോഗ്യത പരിഗണിക്കാതെ ഉയർന്ന തസ്തികകളിലേക്ക് നിയമനം
- എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനത്തിന് ശ്രമിച്ചില്ല.
- തസ്തികകളില്ലാതെയും തസ്തികകളുടെ എണ്ണത്തിലുപരിയായും കരാറടിസ്ഥാനത്തിൽ നിയമിച്ചു
- രേഖകൾ ലഭ്യമല്ല

### *3.1.1.1. വ്യക്തിനിഷ്ഠമായ നിയമനനടപടികൾ*

ലെയ്സൺ ഓഫീസർ, കൺസൾട്ടന്റ്, പ്രൊജക്റ്റ് ഡയറക്ടർ (വർക്ക്സ്) എന്നീ തസ്തികകൾ സർക്കാർ സൃഷ്ടിച്ചിരുന്നില്ല. സർവ്വകലാശാലയുടെ പ്രവർത്തനലക്ഷ്യങ്ങളുടെ ഭാഗമായി അനിവാര്യമെന്ന് തിരിച്ചറിഞ്ഞ നിശ്ചിതപ്രവർത്തനങ്ങൾ മുൻനിർത്തി ഗവേണിംഗ് കൗൺസിലിന്റെ അധികാരമുപയോഗിച്ച് വൈദഗ്ധ്യം നിർണ്ണയിച്ചതനുസരിച്ച് ഉചിതമായ തസ്തികകൾ സൃഷ്ടിക്കുകയോ നിർദ്ദിഷ്ട യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുകയോ ആയിരുന്നില്ല; സർവ്വകലാശാല ഉദ്യോഗസ്ഥർ (സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരടക്കം) സ്വന്തം നിലയിൽ തൽപ്പരരായ ആളുകളുടെ

യോഗ്യതകൾക്കനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുകയായിരുന്നു. ഇപ്രകാരം സൃഷ്ടിച്ച തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഇവരെ നിയമിച്ചതായും കാണുന്നു. സർവ്വകലാശാല ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ കണ്ടെത്തിയ വ്യക്തികളുടെ യോഗ്യതകൾക്കനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടാണ് യൂണിവേഴ്സിറ്റി എഞ്ചിനീയർ എന്ന തസ്തിക പുനർനാമകരണം ചെയ്ത് പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്) എന്നാക്കി മാറ്റിയതും വിരമിച്ച അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ലെയ്സൺ ഓഫീസറായി കരാറടിസ്ഥാനത്തിൽ നിയമിച്ചതും.

### *3.1.1.2. ഭരണഘടന ഉറപ്പുനൽകുന്ന അവസരസമത്വമെന്ന പൗരാവകാശം നിഷേധിച്ചു.*

ഭരണഘടനയുടെ അനുച്ഛേദം 16 ഉറപ്പുതരുന്ന മൗലികാവകാശമാണ് സർക്കാർ നിയമനങ്ങളിലെ അവസരസമത്വം. സർക്കാർ നിയമനങ്ങളുടെ നിയമന പ്രക്രിയകളും നിയമനം ലഭിച്ചവരുടെ സേവന വേതന വ്യവസ്ഥകളും ക്രമീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും ചട്ടങ്ങളും രൂപീകരിക്കുവാൻ സർക്കാരിനുള്ള അധികാരം ഭരണഘടനയുടെ അനുച്ഛേദം 309 ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സർവ്വകലാശാല നടത്തിയ മിക്കവാറും നിയമനങ്ങളിലും അവസരസമത്വം ഉറപ്പാക്കിയതായി കാണുന്നില്ല. തസ്തികകളും യോഗ്യതകളും യഥാവിധി നിർണ്ണയിക്കുകയോ യോഗ്യതക്കനുസരിച്ച് അപേക്ഷകരെ പത്രപരസ്യം നൽകി ക്ഷണിക്കുകയോ ചെയ്യാതെയാണ് നിയമനങ്ങൾ നടത്തിയിരിക്കുന്നത്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനങ്ങളിലും കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങളിലും അവസരസമത്വം ഉറപ്പാക്കിയിട്ടില്ല. ഫൈനാൻസ് ഓഫീസർ, പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്), ലെയ്സൺ ഓഫീസർ, കൺസൾട്ടന്റ് എന്നിവരുടെ നിയമനങ്ങളെല്ലാം ഇത്തരം നിയമനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

### *3.1.1.3. കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയതിലെ അപാകതകൾ*

സർവ്വകലാശാലക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ച സർക്കാർ ഉത്തരവിൽ തന്നെ നിയമനരീതിയും വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നേരിട്ടോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആണ് നിയമനം നടത്തേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(2010-11,2011-12 ലെ മുഴുവൻ കാലയളവിലെയും ഹാജർ പുസ്തകം ലഭ്യമായിട്ടില്ലാത്തതിനാൽ 3/12 ലെ ശമ്പള വേതന ബില്ലുകളിൽ നിന്നെടുത്ത വിശദാംശങ്ങളാണ് ചേർത്തിരിക്കുന്നത്).

| തസ്തിക | കരാറടിസ്ഥാനത്തിൽ നിയമിച്ചവരുടെ എണ്ണം | കുറിപ്പുകൾ |
|---|---|---|
| അസിസ്റ്റന്റ് | 9 | |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 8 | |
| യൂണിവേഴ്സിറ്റി എഞ്ചിനീയർ | 1 | തസ്തിക പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്) |

| | | |
|---|---|---|
| | | എന്നാക്കി മാറ്റി |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | റിസപ്ഷനിസ്റ്റ് എന്ന പേരിൽ |
| ലെയ്സൺ ഓഫീസർ | 1 | തസ്തിക സൃഷ്ടിച്ചിട്ടില്ല |
| കൺസൾട്ടന്റ് | 1 | തസ്തിക സൃഷ്ടിച്ചിട്ടില്ല |
| സിവിൽ എഞ്ചിനീയർ | 1 | തസ്തിക സൃഷ്ടിച്ചിട്ടില്ല |

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ നിയമനം നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ഒഴിവുകൾ നികത്തേണ്ടത് സർക്കുലർ നമ്പർ 39483/ജി2/87 എൽ.ബി.ആർ തിയതി 05.01.1988 പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണ് മറ്റുരീതിയിലുള്ള നിയമനം നടത്തേണ്ടത്. എന്നാൽ ഇപ്രകാരം ശ്രമിച്ചതായി രേഖകൾ വ്യക്തമല്ല.

*3.1.1.4. തസ്തികകളുടെ എണ്ണത്തേക്കാൾ കൂടുതൽ പേരെ നിയമിച്ചു.*

സർക്കാർ ഉത്തരവ് പ്രാകാരം സൃഷ്ടിക്കപ്പെട്ട ചില തസ്തികകളിൽ തസ്തികകളുടെ എണ്ണത്തേക്കാൾ കൂടുതൽ പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | **അനുവദിച്ച എണ്ണം** | **നിയമനം ലഭിച്ചവരുടെ ആകെ എണ്ണം** | കരാറടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരുടെ എണ്ണം | ഡെപ്യൂട്ടേഷൻ മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| അസിസ്റ്റന്റ് | **25** | **26** | 9 | 17 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | **6** | **11** | 8 | 3 |

(2012 ഫെബ്രുവരി മാസത്തിലെ കണക്ക് പ്രകാരം)

അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ അനുവദനീയമായവരിൽ കൂടുതൽ പേർ 2012 ഫെബ്രുവരി മാസത്തിൽ ജോലി ചെയ്തിട്ടുണ്ട്.

സർവ്വകലാശാലാനിയമനങ്ങളിലെ നിയമരാഹിത്യവും അവസരസമത്വമില്ലായ്മയും നിഗൂഢതകളും നിക്ഷിപ്തതാൽപര്യങ്ങൾക്കും അനീതിക്കും വഴിവെച്ചതായി ഓഡിറ്റിൽ സംശയിക്കുന്നു. പൊതുസ്ഥാപനം എന്ന നിലയിൽ സർവ്വകലാശാല പുലർത്തേണ്ട സുതാര്യത നിയമന നടപടികളിൽ പുലർത്തിയിട്ടില്ല. യോഗ്യതകളും തസ്തികകളും വേതനവും യുക്തിസഹവുമല്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ ഓഡിറ്റിൽ ആവശ്യപ്പെടുന്നു.

- നിയമനങ്ങളിലെ നിക്ഷിപ്തതാൽപര്യം അന്വേഷണവിധേയമാക്കുക.
- യോഗ്യരായവരെ നിയമാനുസൃതം നിയമിച്ച് സർവ്വകലാശാല സർവ്വീസ് ക്രമീകൃതമാക്കാൻ അടിയന്തിരനടപടി സ്വീകരിക്കുക.
- സുതാര്യമല്ലാത്ത നിയമന നടപടികൾവഴി സർവ്വകലാശാലക്ക് ബാധ്യതകൾ ഉണ്ടാകാതെ നിയമനങ്ങൾ ക്രമീകരിക്കുക.
- ബാധ്യത ഉണ്ടാകുന്ന പക്ഷം ആയത് നിയമനം നടത്തിയ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ മാത്രം നഷ്ട ഉത്തരവാദിത്വത്തിൽ ആയിരിക്കുമെന്ന് ഉറപ്പാക്കുക.

## 3.1.2 ക്രമരഹിത നിയമന നടപടി ദൃഷ്ടാന്തങ്ങളുടെ വിശദാംശങ്ങൾ

### *3.1.2.1 പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്)*

ജി.ഒ.(എം.എസ്) 47/2010/H & FWD തിയതി 03.02.2010 പ്രകാരം വിവിധ തസ്തികകൾ സർവ്വകലാശാലയിൽ സൃഷ്ടിച്ചിരുന്നു. അവയിൽ 16650-23200 എന്ന സ്കെയിലിലുള്ള യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ ഒരു തസ്തികയും ഉൾപ്പെടുന്നു. നേരിട്ടുള്ള നിയമനമോ കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽനിന്നോ സർക്കാർ വകുപ്പുകളിൽനിന്നോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനമോ ആണ് ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 340/അഡ്മിൻ/2010/ കെ.യു.എച്ച്.എസ്./08.03.2010 പ്രകാരം പ്രസ്തുത തസ്തിക പ്രൊജക്ട് ഡയറക്ടർ എന്ന് പുനർനാമകരണം ചെയ്യുകയും ശ്രീ.എസ്.നാരായണൻകുട്ടി എന്ന വ്യക്തിയെ 60,000/- പ്രതിമാസ ക്ളിപ്ത വേതനനിരക്കിൽ ഒരു വർഷത്തേക്ക് കേരള ആരോഗ്യസർവ്വകലാശാല ഓർഡിനൻസ്,2010 ലെ 92(2) വകുപ്പ് പ്രകാമുള്ള ഇടക്കാലവ്യവസ്ഥയനുസരിച്ച് നിയമിക്കുകയും ചെയ്തു. ശ്രീ.എസ്.നാരായണൻകുട്ടി 10.03.2010 ൽ സർവ്വകലാശാലയിൽ ചുമതലയേറ്റു.

പ്രൊജക്ട് ഡയറക്ടറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.ടി.കെ.നാരായണൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 02.03.2010 ൽ രേഖപ്പെടുത്തിയ കുറിപ്പിൽ 'യോഗ്യനായ വ്യക്തിയെ കണ്ടെത്തുവാൻ സാധ്യമായ എല്ലാ മാർഗ്ഗവും സ്വീകരിച്ചു' എന്ന് പറയുന്നുണ്ടെങ്കിലും ഇതിനെ സാധൂകരിക്കുന്ന ഒരു രേഖയും ഫയലിലില്ല. സർവ്വകലാശാല ഇപ്രകാരം ഒരു തസ്തിക സൃഷ്ടിക്കുന്നതിന്റെ അനിവാര്യത തിരിച്ചറിയുകയോ, തസ്തികയുടെ യോഗ്യത നിർണ്ണയിക്കുകയോ വിജ്ഞാപനം നടത്തുകയോ ചെയ്തിട്ടില്ല. ശ്രീ.നാരായണൻകുട്ടിയുടെ വിവരങ്ങൾ മാത്രമാണ് ഫയലിലുള്ളത്. തസ്തികയോ ഉത്തരവാദിത്തങ്ങളോ യോഗ്യതയോ നിർണ്ണയിക്കാതെ ഒരാളുടെ ബയോഡാറ്റ തൃപ്തികരമെന്ന് വിലയിരുത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല.

യൂണിവേഴ്സിറ്റി സമാനതകളില്ലാത്ത ഒരു പ്രൊജക്ട് നിർവ്വഹിക്കുവാൻ തുടങ്ങുകയാണെന്നും യൂണിവേഴ്സിറ്റിയുടെ എല്ലാവിധ എഞ്ചിനീയറിംഗ് പ്രവൃത്തികളും ഏറ്റെടുക്കാൻ കഴിവുള്ള അറിവും പ്രവൃത്തിപരിചയവുമുള്ള വ്യക്തിയെയാണ് ആവശ്യമെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ

സാഹചര്യം ചൂണ്ടിക്കാണിച്ചാണ് തസ്തികയുടെ പേര് പ്രൊജക്റ്റ് ഡയറക്ടർ ( വർക്ക്സ്) എന്നാക്കുന്നതും ബയോഡാറ്റയുടെ അടിസ്ഥാനത്തിൽ ശ്രീ.നാരായണൻകുട്ടിയെ പ്രൊജക്റ്റ് ഡയറക്ടറായി നിയമിക്കുന്നതും. പക്ഷേ സർവ്വകലാശാലക്ക് ഇപ്രകാരമൊരു പദ്ധതിയുള്ളതായി മറ്റൊരിടത്തും പരാമർശമില്ല. പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ ഫയലിലും രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് ഡയറക്ടറുടെ കർത്തവ്യം, ജോലിയുടെ സ്വഭാവം എന്നിവ അദ്ദേഹവുമായി ഏർപ്പെട്ട 10.03.2010 ലെ കരാറിലും പരാമർശിക്കുന്നില്ല. 16.02.2012 ൽ തന്റെ കാലയളവ് 10.03.2012 മുതൽ ദീർഘിപ്പിക്കുന്നതു സംബന്ധിച്ച് പ്രൊജക്റ്റ് ഡയറക്ടർ നൽകിയ 'സ്വയം വിലയിരുത്തൽ' രേഖയിൽ യൂണിവേഴ്സിറ്റിക്കായി ഗ്രീൻ കാമ്പസ് വികസിപ്പിക്കുക എന്നതാണ് അദ്ദേഹത്തിന് നൽകിയ കർത്തവ്യം എന്ന് ശ്രീ.നാരായണൻകുട്ടി സ്വയം രേഖപ്പെടുത്തി കാണുന്നു. നിയമനസമയത്ത് ഗവേണിംഗ് കൗൺസിൽ രൂപീകരിക്കപ്പെട്ടിരുന്നില്ല. 'ഗ്രീൻ കാമ്പസ് ' എന്നർത്ഥമാക്കുന്നതെന്തെന്ന് ഔദ്യോഗിക രേഖകളിൽ ഒരിടത്തും പരാമർശിച്ചുകാണുന്നില്ല. ഇക്കാരണങ്ങളാൽ അംഗീകരിക്കപ്പെട്ട ഒരു പദ്ധതി -'ഗ്രീൻ കാമ്പസ്' പ്രൊജക്റ്റ്- നിലവിലില്ലായിരുന്നുവെന്ന് വ്യക്തമാണ്. അംഗീകരിക്കപ്പെട്ട പ്രൊജക്റ്റില്ലാതെയാണ് പ്രൊജക്റ്റ് ഡയറക്ടറെ നിയമിച്ചിരിക്കുന്നത്. 'ഗ്രീൻ കാമ്പസ്' എന്ന ഇത്തരം ഒരു സവിശേഷ വിഷയത്തിൽ അദ്ദേഹത്തിന് മുൻപരിചയമുള്ളതായി ബയോഡാറ്റയിലും രേഖപ്പെടുത്തിയിട്ടില്ല. ആസ്ഥാനമന്ദിരത്തോടനുബന്ധിച്ച് നിലവിൽ വന്നത് 'ഗ്രീൻ കാമ്പസ്' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന എന്തെങ്കിലും പദ്ധതിയാണ് എന്നും കരുതാവുന്നതല്ല.

സർക്കാർ അനുവദിച്ച എഞ്ചിനീയർ തസ്തിക അനുമതികൂടാതെ പ്രൊജക്റ്റ് ഡയറക്ടറെന്ന് പുനർനാമകരണം ചെയ്ത നടപടി സർവ്വകലാശാലയുടെ അപേക്ഷയെ തുടർന്നു സർക്കാർ ഉത്തരവ് (സാധാരണ) 2404/14/ആ.കു.വകുപ്പ് തിയതി 17.07.2014 പ്രകാരം സാധൂകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ 'ഗ്രീൻ കാമ്പസ് പ്രൊജക്റ്റ്' പൂർത്തിയായാലുടൻ പ്രൊജക്റ്റ് ഡയറക്ടർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്ത് സർക്കാർ സൃഷ്ടിച്ചിട്ടുള്ള യൂണിവേഴ്സിറ്റി എഞ്ചിനീയർ എന്ന തസ്തികയിലേക്ക് സർവ്വകലാശാല നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സ്ഥിരനിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാനും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ദിശയിലേക്ക് സർവ്വകലാശാല നടപടികൾ സ്വീകരിച്ചിട്ടില്ല, മാത്രമല്ല അനുവദിച്ച ശമ്പളസ്കെയിലിനുപരിയായി വേതനം അനുവദിച്ചതു സർക്കാർ സാധൂകരിച്ചതായി ഈ ഉത്തരവിൽ പരാമർശമില്ല.അദ്ദേഹത്തിന്റെ കോൺട്രാക്റ്റ് കാലാവധി തിരുന്ന മുറക്ക് ഓരോ വർഷവും ദീർഘിപ്പിച്ചു നൽകുകയും തുടർന്നിപ്പോഴും ഇദ്ദേഹം പ്രൊജക്റ്റ് ഡയറക്ടർ ( വർക്ക്സ്) തസ്തികയിൽ തുടർന്നുവരികയുമാണ്.

*<u>3.1.2.2. കൺസൾട്ടന്റ്</u>*

യൂണിവേഴ്സിറ്റി ഓർഡർ നമ്പർ 55/2011/അഡ്മിൻ തിയതി 27.06.2011 പ്രകാരം ശ്രീ.രവീന്ദ്രനാഥമേനോനെ 20,000/- രൂപ പ്രതിമാസ ക്ളിപ്ത വേതനത്തിൽ 4 മാസത്തിൽ കവിയാത്ത കാലയളവിൽ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അദ്ദേഹം 01.07.2011 മുതൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. 4 മാസത്തേക്കാണ് കൺസൾട്ടന്റിനെ നിയമിച്ചതെങ്കിലും അദ്ദേഹത്തിന്റെ കാലാവധി

വിവിധ ഉത്തരവുകളാൽ ദീർഘിപ്പിച്ചുനൽകിക്കൊണ്ടിരിക്കുകയുമാണ്. 2011 ൽ 4 മാസത്തേക്ക് നിയമനം ലഭിച്ച കൺസൾട്ടന്റ് 2015 ലും ജോലിയിൽ തുടർന്നുകൊണ്ടിരിക്കുന്നു എന്നാണ് അറിയാൻ കഴിയുന്നത്.

ഫൈനാൻസ് ഓഫീസറുടെ 14.06.2011 ലെ കെ.യു.എച്ച്.എസ് / ഫിൻ/ഐ എ/11-12 എന്ന നമ്പറിലുള്ള ഓഫീസ് കുറിപ്പാണ് കൺസൾട്ടന്റിന്റെ നിയമനത്തിന് ആധാരം. സർവ്വകലാശാലയുടെ ആഭ്യന്തരനിയന്ത്രണ നടപടിക്രമങ്ങൾ, ആഭ്യന്തര ഓഡിറ്റിന് ആവശ്യമായ വ്യവസ്ഥകൾ എന്നിവ തയ്യാറാക്കുന്നതിനും മറ്റുമായി പരിചയസമ്പന്നനായ ഒരു ഉദ്യോഗസ്ഥനെ കൺസൾട്ടന്റായി പ്രതിമാസം 20,000/- ക്ളിപ്ത വേതനത്തിൽ 4 മാസത്തേക്ക് നിയമിക്കണമെന്നായിരുന്നു ഫൈനാൻസ് ഓഫീസറുടെ പ്രപ്പോസൽ. അക്കൗണ്ടന്റ് ജനറൽ കേരളയുടെ ഓഫീസിൽനിന്നും 2010 ഏപ്രിൽ മാസത്തിൽ വിരമിച്ച ശ്രീ.സി.രവീന്ദ്രനാഥമേനോൻ എന്ന വ്യക്തിയുടെ ബയോഡാറ്റയും ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്. ഫൈനാൻസ് ഓഫീസറുടെ കുറിപ്പും ശ്രീ.സി.രവീന്ദ്രനാഥമേനോന്റെ ബയോഡാറ്റയും ഒരേദിവസമാണ് (21.06.2011) മേലുദ്യോഗസ്ഥന് സമർപ്പിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.രവീന്ദ്രനാഥമേനോനെ രജിസ്ട്രാറുടെ 55/2011/അഡ്മിൻ തിയതി 27.06.2011 ലെ ഉത്തരവ് പ്രകാരം കൺസൾട്ടന്റായി നിയമിച്ചത്. പ്രസ്തുത നിയമനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അ) കൺസൾട്ടന്റ് എന്നൊരു തസ്തിക സർവ്വകലാശാലയിൽ സർക്കാർ സൃഷ്ടിച്ചിട്ടില്ല. ഫൈനാൻസ് ഓഫീസർക്കുപരിയായി ഒരു ഉപദേശകന്റെ/മേലുദ്യോഗസ്ഥന്റെ സാന്നിദ്ധ്യം സ്ഥിരമായി സർവ്വകലാശാലക്ക് ആവശ്യമാകുന്നതിന്റെ സാംഗത്യവും വ്യക്തമല്ല.

ആ) നിയമനത്തിന് ആവശ്യമായ യോഗ്യത നിർണ്ണയിക്കുകയോ അപേക്ഷകരെ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

ഇ) ഫൈനാൻസ് ഓഫീസറുടെ കുറിപ്പിന്റേയും ശ്രീ.രവീന്ദ്രനാഥമേനോന്റെ മാത്രം ബയോഡാറ്റയുടെയും അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നത്.

ഈ) നിയമന ഉത്തരവിൽ, നിയമനാധികാരം എന്തെന്നതോ നിയമനത്തിന് ബാധകമായ സർവ്വകലാശാലാ ഓർഡിനൻസ് നിയമം എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥയും ഉദ്ധരിച്ചിട്ടില്ല.

ഉ) ശ്രീ.രവീന്ദ്രനാഥമേനോനെ കൺസൾട്ടന്റായി നിയമിച്ച ഉത്തരവിൽ ആരോഗ്യസർവ്വകലാശാലക്ക് ഓഫീസ് നടപടിക്രമങ്ങൾ (standardized office procedures of KUHS) രൂപീകരിക്കുന്നതിനാണ് നിയമനമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല കൺസൾട്ടന്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച ഫൈനാൻസ് ഓഫീസറുടെ 25.10.2011 ലെ കെ.യു.എച്ച്.എസ്./ഫിൻ/2011-12 എന്ന നമ്പറിലുള്ള ഓഫീസ് കുറിപ്പിൽ ശ്രീ.രവീന്ദ്രനാഥമേനോൻ ഓഫീസ് നടപടിക്രമങ്ങൾ, ജി.പി.എഫ്. ചട്ടങ്ങൾ, മെഡിക്കൽ റീഇംപേഴ്സ്മെന്റ് ചട്ടങ്ങൾ എന്നിവ തയ്യാറാക്കിയതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇവ നിയമാനുസൃതം പ്രാബല്യത്തിൽ വന്നതായി കാണുന്നില്ല. തുടർന്ന് 2010-11, 2011-12 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളുമായി

ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിനാണ് 6 മാസത്തേക്കുകൂടി അദ്ദേഹത്തിന്റെ കാലാവധി ദീർഘിപ്പിച്ചു കാണുന്നത്. തുടർന്നിപ്പോഴും ഇദ്ദേഹം കൺസൾട്ടന്റായി തുടർന്നുവരികയാണ്.

*3.1.2.3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / ലെയ്സൺ ഓഫീസർ*

ജി.ഒ.(എം.എസ്) നമ്പർ 275/2009/H & FWD തിയതി 01.08.2009 പ്രകാരം സർവ്വകലാശാലയിൽ ഒരു അഡ്മിനിസ്ട്രേറ്ററുടെ തസ്തിക സൃഷ്ടിച്ചിരുന്നു. ഈ തസ്തികയിലേക്ക് ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ.ടി.കെ.നാരായണനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ശ്രീ.ടി.കെ.നാരായണൻ 31.03.2010 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് സർവ്വകലാശാലയുടെ ഉത്തരവ് നമ്പർ 5/അഡ്മിൻ/2010/കെ.യു.എച്ച്.എസ് തിയതി 29.03.2010 പ്രകാരം 45,000/- രൂപ പ്രതിമാസ ക്ലിപ്ത വേതനത്തിന് അദ്ദേഹത്തെ വീണ്ടും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിച്ചു.

വിരമിക്കുന്നതിനുമുമ്പായി 24.03.2010 ന് ശ്രീ.ടി.കെ.നാരായണൻ വൈസ് ചാൻസലർക്ക് അയച്ച കത്തിൽ താൻ 15.09.2009 മുതൽ സർവ്വകലാശാലയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്ത് വരുന്നതായും സർവ്വകലാശാലയുടെ സത്വരമായ സംസ്ഥാപനത്തിന് തനിക്ക് സംഭാവന ചെയ്യാൻ കഴിയുമെന്നും അതിനാൽ സേവനത്തിൽ നിന്ന് വിരമിച്ചതിനുശേഷം സ്ഥാപനത്തിൽ തുടരാൻ ഒരവസരംകൂടി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലാ ഉത്തരവ് നമ്പർ 5/അഡ്മിൻ/2010/കെ.യു.എച്ച്.എസ് തിയതി 29.03.2010 പ്രകാരം ശ്രീ.ടി.കെ.നാരായണനെ 01.04.2010 മുതൽ 15.03.2011 വരെ കരാറടിസ്ഥാനത്തിൽ 45,000/- രൂപ പ്രതിമാസ ക്ലിപ്ത വേതനത്തിൽ ആരോഗ്യസർവ്വകലാശാലാ ഓർഡിനൻസിലെ 92.2 വകുപ്പനുസരിച്ച് വൈസ് ചാൻസലർ നിയമിച്ചത്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച ജി.ഒ (എം.എസ്) നമ്പർ 275/2009/H&FWD തിയതി 01.08.2009 പ്രകാരം അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിൽ നിന്ന് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ അഡീഷണൽ സെക്രട്ടറിയെയോ ജോയിന്റ് സെക്രട്ടറിയെയോ ആണ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിക്കേണ്ടതെന്നും ആയത് ലഭ്യമല്ല എങ്കിൽ യൂണിവേഴ്സിറ്റി സർവ്വീസിൽനിന്നും ജോയിന്റ് രജിസ്ട്രാറെയോ ഡെപ്യൂട്ടി രജിസ്ട്രാറെയോ ആണ് നിയമിക്കേണ്ടതെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതിന് വിരുദ്ധമായാണ് ശ്രീ.ടി.കെ.നാരായണനെ കരാറടിസ്ഥാനത്തിൽ ഇപ്രകാരം നിയമിച്ചത്.

ശ്രീ.ടി.കെ.നാരായണൻ 15.09.2010 മുതൽ 6 മാസത്തേക്കാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ചുമതലയേറ്റത്. അതുപ്രകാരം ഡെപ്യൂട്ടേഷൻ കാലാവധി 14.03.2010 വരെയായിരുന്നു. അദ്ദേഹം 31.03.2010 വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർവ്വകലാശാലയിൽ ജോലി ചെയ്തിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ഡെപ്യൂട്ടേഷൻ കാലാവധി 14.03.2010 മുതൽ 31.03.2010 വരെ ദീർഘിപ്പിച്ചതിന്റെ ഉത്തരവ് ലഭ്യമായില്ല.

31.03.2010 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് മേൽപറഞ്ഞവിധം 15.03.2011 വരേക്കു പുനർനിയമനം ലഭിച്ചതിൽ, 02.02.2011 വരെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തശേഷം ശ്രീ.ടി.കെ.നാരായണനെ 03.02.2011 മുതൽ ലെയ്സൺ ഓഫീസറായി 179 ദിവസത്തേക്ക് 20,000/- രൂപ പ്രതിമാസ ക്ലിപ്ത വേതനത്തിൽ യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 24/2011/അഡ്മിൻ തിയതി 05.04.2011 പ്രകാരം വീണ്ടും നിയമിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായുള്ള പ്രവൃത്തിപരിചയവും പ്രാദേശികബന്ധങ്ങളും കണക്കിലെടുത്താണ് ഈ നിയമനമെന്ന് ഉത്തരവിൽ പറയുന്നു.

ഭൂമി ഏറ്റെടുക്കൽ, നിർമ്മാണ പ്രവൃത്തി എന്നിവക്കായി തിരുവനന്തപുരത്തും മറ്റിടങ്ങളിലുമുള്ള സർക്കാർ ഓഫീസുകളുമായുള്ള ലെയ്സൺ പ്രവൃത്തികൾക്കായി അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്) ആവശ്യപ്പെട്ടതനുസരിച്ചാണ് നിയമനമെന്ന് ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. 02.02.2011 ൽ പ്രസ്തുത കുറിപ്പ് നല്കിയത് പ്രൊജക്ട് ഡയറക്ടറായ ശ്രീ.എസ്. നാരായണൻകുട്ടിയാണ്. മുമ്പ് ശ്രീ.നാരായണൻകുട്ടിയെ പ്രൊജക്ട് ഡയറക്ടർ (വർക്ക്സ്) ആയി നിയമിക്കാൻ കുറിപ്പെഴുതിയിരുന്നത് അന്നത്തെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന ശ്രീ.ടി.കെ.നാരായണനായിരുന്നുവെന്നത് ശ്രദ്ധേയമാണ്.

സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലാണ് ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കേണ്ടത് (സർക്കാരിന്റെ മുൻകൂർ അനുമതിയോടെ) എന്നിരിക്കെ സർവ്വകലാശാല നിയമാനുസൃതം ആവശ്യം നിർണ്ണയിക്കാതെയും തദനുസൃതമായി യോഗ്യത നിർണ്ണയിച്ച് വിജ്ഞാപനം നടത്താതെയും സർവ്വകലാശലാ ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ തയ്യാറാക്കിയതായി കാണുന്ന ഓഫീസ് കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ടി 2 ഉം 3 ഉം നിയമനങ്ങൾ നടത്തിയിരിക്കുന്നത്.

ഏതു ചട്ടം/വകുപ്പ് ന്റെ അധികാരനിയോഗത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനമെന്ന് ഉത്തരവുകളിൽ പറയുന്നില്ല.

പ്രൊജക്ട് ഡയറക്ടറുടെ കുറിപ്പിൽ ലെയ്സൺ ഓഫീസറുടെ നിയമനം സാധൂകരിക്കുന്നതിലേക്കുള്ള കാരണങ്ങളായി തിരുവനന്തപുരത്തും മറ്റിടങ്ങളിലുമുള്ള ലെയ്സൺ പ്രവൃത്തികളെപ്പറ്റി പറയുമ്പോൾ, യൂണിവേഴ്സിറ്റി ഉത്തരവിൽ ശ്രീ.ടി.കെ.നാരായണന്റെ പ്രാദേശികബന്ധങ്ങളെ മുൻനിർത്തിയാണ് നിയമനം എന്നാണ് പരാമർശിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ ജി.ഒ.(എം.എസ്) നമ്പർ 191/2010/ആർ.ഡി/27.05.2010 പ്രകാരം കൈമാറിയ 63.60 ഏക്കർ ഭൂമിയിലാണ് ആരോഗ്യസർവ്വകലാശാലാ മന്ദിരം നിർമ്മിച്ചിരിക്കുന്നത്. ഇതു കൂടാതെ 17.95 ഏക്കർ ഭൂമി മാത്രമാണ് കൂടുതലായി ഏറ്റെടുക്കാൻ ജി.ഒ (ആർ.ടി) നമ്പർ 1624/2010/എച്ച്&എഫ്.ഡബ്ളിയു.ഡി തിയതി 17.04.2010 പ്രകാരം സർക്കാർ ഉത്തരവായിരുന്നത്.08.02.2011 ന് M/s ഇൻഡിഗോ ആർക്കിടെക്ട്സുമായി ഏർപ്പെട്ട ടെക്നിക്കൽ കൺസൾട്ടൻസി കരാർ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നും കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കേണ്ടത് കൺസൾട്ടന്റിന്റെ ചുമതലയാണ്. ഈ

സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ, നിർമ്മാണ പ്രവൃത്തി എന്നിവക്കാവശ്യമായ ലെയ്സൺ പ്രവൃത്തികൾക്കായി നിയമിച്ച ലെയ്സൺ ഓഫീസർ നിർവ്വഹിച്ച ചുമതലകൾ അവ്യക്തമാണ്.

ശ്രീ.ടി.കെ.നാരായണന്റെ നിയമനകാലയളവ് 01.08.2011 മുതൽ 25.01.2012 വരെ യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 24/2011/അഡ്മിൻ തിയതി 05.08.2011 പ്രകാരം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. അദ്ദേഹം എന്നുവരെ യൂണിവേഴ്സിറ്റിയിൽ ജോലിചെയ്തു എന്നത് ഫയലിൽനിന്നും വ്യക്തമല്ല. മാത്രമല്ല യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 101/2011/അഡ്മിൻ തിയതി 10.11.2011 പ്രകാരം ശ്രീ.പി.എസ്.ഉണ്ണികൃഷ്ണൻ എന്നൊരു വ്യക്തിയെ 10,000 + 5,000 (ലോക്കൽ കൺവെയൻസ് + ടെലഫോൺ ചാർജ്ജ്) എന്ന പ്രതിമാസ വേതനത്തിൽ തിരുവനന്തപുരത്ത് ലെയ്സൺ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

## 3.2) ഫൈനാൻസ് ഓഫീസറുടെ നിയമനത്തിലെ അപാകതകൾ

ജി.ഒ (എം.എസ്) നമ്പർ 420/2009/ എച്ച് & എഫ് .ഡബ്ളിയു. ഡി തിയതി 18.12.2009 പ്രകാരം സർവ്വകലാശാലയിൽ ഫൈനാൻസ് ഓഫീസറുടെ ഒരു തസ്തിക 37400-67000 + ഗ്രേഡ് പേ 10,000/- എന്ന യു.ജി.സി സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലിൽ സർക്കാർ സൃഷ്ടിച്ചിരുന്നു. തസ്തികയുടെ യോഗ്യത, നിയമനരീതി തുടങ്ങിയവ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓർഡിനൻസ് 2009 (ഓർഡിനൻസ് 25/2009), ഇതു സംബന്ധിച്ച് പുറത്തിറക്കുന്ന യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് എന്നിവയിൽ നിർണ്ണയിച്ച പോലെയാണെന്നും ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഓർഡിനൻസിലെ വകുപ്പ് 16(1)(ii) അനുസരിച്ച് ഫൈനാൻസ് ഓഫീസറെ നേരിട്ടുള്ള നിയമനം മുഖേനയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ വൈസ് ചാൻസലർക്ക് നിയമിക്കാവുന്നതാണ്. നേരിട്ട് നിയമനം നടത്തുമ്പോൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ രൂപീകരിച്ച ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വേണം നിയമനം നടത്തേണ്ടത്. നേരിട്ട് നിയമിക്കപ്പെടുന്ന ഫൈനാൻസ് ഓഫീസറുടെ യോഗ്യത, സേവനവേതന വ്യവസ്ഥകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടതായിരിക്കണമെന്ന് വകുപ്പ് 16(1)(iii) ൽ നിഷ്കർഷിക്കുന്നു. എന്നാൽ തസ്തിക സൃഷ്ടിക്കുന്ന സമയത്ത് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കപ്പെട്ടിരുന്നില്ല. സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് സർക്കാർ പുറപ്പെടുവിച്ചത് 3.4.13 ലെ ജി.ഒ (പി) നമ്പർ 125/2013 എച്ച് & എഫ് ഡബ്ളിയു ഡി നമ്പറിലുള്ള വിജ്ഞാനപ്രകാരമായിരുന്നു.

സർവ്വകലാശാലയുടെ ഫൈനാൻസ് ഓഫീസറുടെ തസ്തികയിലേക്ക് ഒരു ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന് അയച്ച 29.01.2010 ലെ 113/അഡ്മിനിസ്ട്രേഷൻ/2010/കെ.യു.എച്ച്.എ.എസ് എന്ന നമ്പറിലുള്ള കത്തിലൂടെയാണ് ഫൈനാൻസ് ഓഫീസറുടെ നിയമന നടപടികളുടെ തുടക്കം. എന്നാൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ തസ്തികയിലുള്ള ആർക്കും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഫൈനാൻസ് ഓഫീസർ നിയമനത്തിന് താത്പര്യമില്ലാത്തതിനാൽ താത്പര്യമുള്ള സീനിയർ ഓഡിറ്റ് ഓഫീസർമാരുടെ പാനൽ നൽകുവാൻ സർവ്വകലാശാല വൈസ് ചാൻസലർ 29.03.2010 ലെ ഡി.ഒ. നമ്പർ 113/അഡ്മിൻ/2010/കെ.യു.എച്ച്. എസ്. എന്ന നമ്പറിലുള്ള കത്ത് പ്രകാരം ആവശ്യപ്പെടുകയും

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ 3 സീനിയർ ഓഡിറ്റ് ഓഫീസർമാരുടെ പാനൽ സർവ്വകലാശാലക്ക് നൽകുകയും ചെയ്തു.

പ്രസ്തുത പാനലിലെ ശ്രീ.ജി.ഗോപകുമാർ, സീനിയർ ഓഡിറ്റ് ഓഫീസർ ഫൈനാൻസ് ഓഫീസറായി നിയമിക്കാൻ യോജിച്ച വ്യക്തിയാണെന്ന് 'സർവ്വകലാശാല' കണക്കാക്കുന്നതായും അദ്ദേഹത്തെ നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകളനുസരിച്ച് നിയമിക്കാൻ അനുവദിക്കണമെന്നും സർവ്വകലാശാല രജിസ്ട്രാർ 12.05.2010 ലെ 113/അഡ്മിൻ/2010/കെ.യു.എച്ച്.എസ് എന്ന നമ്പറിലുള്ള കത്ത് മുഖേന സർക്കാരിനോട് ആവശ്യപ്പെടുകയും അപേക്ഷകളും അപേക്ഷകരുടെ സേവനകാല വിശദാംശങ്ങളും അയച്ചുകൊടുക്കുകയും ചെയ്തു.

എന്നാൽ സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുമുമ്പ് തന്നെ 26.05.2010 ലെ 46/2010/അഡ്മിൻ എന്ന നമ്പറിലുള്ള ഉത്തരവനുസരിച്ച് ശ്രീ.ജി.ഗോപകുമാറിനെ സർവ്വകലാശാലയുടെ ഫൈനാൻസ് ഓഫീസറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓർഡിനൻസിലെ വകുപ്പ് 16, ഇടക്കാലവ്യവസ്ഥയെ സംബന്ധിച്ച വകുപ്പായ 92(2) എന്നിവ അനുസരിച്ച് നിയമിച്ചു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 2.7.2010 ലെ സെക്ഷനൽ ഓഫീസ് ഓർഡർ നമ്പർ ഡിഎ-1/അഡ്മിൻ/93 പ്രകാരം ശ്രീ.ജി.ഗോപകുമാറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് വിടുതൽ ചെയ്യാൻ അനുമതി നല്കിയിട്ടുണ്ട്. ശ്രീ.ഗോപകുമാറിന്റെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ ഭാരതസർക്കാരിന്റെ പേഴ്സണൽ & ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിന്റെ 17.06.2010 ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 6/8/09-എസ്റ്റാ (പേ II) പ്രകാരമായിരിക്കുമെന്നും പ്രസ്തുത കത്തിൽ പറയുന്നു. 16.07.2010 ന് ഗോവയിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട ശ്രീ.ഗോപകുമാർ 19.07.2010 ൽ സർവ്വകലാശാലയിൽ ചുമതലയേറ്റു.

ശ്രീ.ഗോപകുമാർ സർവ്വകലാശാലയിൽ ചുമതലയേറ്റെടുത്തതിനുശേഷമാണ് അദ്ദേഹത്തെ നിയമിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടുള്ളത്. ജി.ഒ (ആർ ടി) നമ്പർ 3024/2010/ H &FWD തിയതി 02.08.2010 പ്രകാരം ശ്രീ.ഗോപകുമാറിനെ താഴെ പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമിക്കുന്നതിന് സർക്കാരിന്റെ അനുവാദം ലഭിച്ചു.

i) "പാരന്റ്" ഡിപ്പാർട്ട്മെന്റിൽ അദ്ദേഹം കൈപ്പറ്റിയിരുന്ന ശമ്പളവും അലവൻസുകളും നൽകുന്നതാണ്.

ii) വീട്ടുവാടകബത്ത, സിറ്റി കോമ്പൻസേറ്ററി അലവൻസ് എന്നിവ കേന്ദ്രസർക്കാർ നിരക്കിൽ നൽകുന്നതാണ്.

iii) സംസ്ഥാന സർക്കാർ ജീവനക്കാർക്കു ബാധകമായ രീതിയിൽ മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് സൗകര്യത്തിന് യോഗ്യതയുണ്ട്.

iv) ഡെപ്യൂട്ടേഷൻ കാലയളവിൽ ഡെപ്യൂട്ടേഷൻ അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, ട്യൂഷൻ ഫീ റീഇംമ്പേഴ്മെന്റ് , ലീവ് ട്രാവൽ കൺസഷൻ എന്നിവക്ക് അർഹതയില്ല.

v) സംസ്ഥാന സർക്കാർ നിരക്കിലുള്ള യാത്രാബത്ത ലഭിക്കുന്നതാണ്.

ശ്രീ.ജി.ഗോപകുമാർ 23.07.2010 ന് സർവ്വകലാശാലക്ക് സമർപ്പിച്ച നിവേദനത്തിൽ ഭാരത സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 6/8/2009-എസ്റ്റാ(പേ II) തിയതി 17.6.2010 പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിച്ച അദ്ദേഹത്തിന്റെ നിയമനത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും താഴെ പറയുന്ന രീതിയിൽ ക്രമീകരിക്കാൻ അപേക്ഷിച്ചു.

1. 37400-67000 + ഗ്രേഡ് പേ 10,000/- എന്ന സ്കെയിലിൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുക.
2. കേന്ദ്രസർക്കാർ നിരക്കിൽ വീട്ടുവാടകബത്ത, ട്രാൻസ്പോർട്ടേഷൻ അലവൻസ് എന്നിവ അനുവദിക്കുക.
3. കേന്ദ്രസർക്കാർ നിരക്കിൽ ജോയിനിംഗ് ടൈം, ജോയിനിംഗ് ടൈം പേ എന്നിവ നൽകുക.
4. കേന്ദ്രസർക്കാർ നിരക്കിൽ യാത്രാബത്ത, ട്രാൻസ്ഫർ ടി.എ എന്നിവ അനുവദിക്കുക.
5. കേന്ദ്രസർക്കാർ നിരക്കിൽ കുട്ടികളുടെ പഠനബത്ത അനുവദിക്കുക.
6. കേന്ദ്രസർക്കാർ നിരക്കിൽ ലീവ് ട്രാവൽ കൺസഷൻ അനുവദിക്കുക.

മേൽ പറഞ്ഞ ആനുകൂല്യങ്ങൾ നല്കാമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് സർവ്വകലാശാല രജിസ്ട്രാർ 13.08.2010 ലെ 113/അഡ്മിൻ/2010/കെ.യു.എച്ച്.എസ് പ്രകാരം കത്തയക്കുകയും ജി.ഒ(ആർ.ടി ) നം. 1303/2011/H & FWD തിയതി 01.04.2011 പ്രകാരം ശ്രീ.ഗോപകുമാറിന്റെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ പുതുക്കിക്കോണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തു. ശ്രീ.ഗോപകുമാറിന് 37400-67000 എന്ന ശമ്പള സ്കെയിലിൽ ഓപ്ഷൻ നൽകുവാൻ ഉത്തരവിൽ അനുവാദം നൽകിയിട്ടുണ്ട്. സർക്കാരിന്റെ മുൻ ഉത്തരവിൽ നിർദ്ദേശിച്ച ബത്തകളിൽ മാറ്റമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇതനുസരിച്ച് ശ്രീ.ഗോപകുമാറിന്റെ ശമ്പളം 19.07.2010 ന് താഴെ പറയുന്ന രീതിയിൽ നിജപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| അടിസ്ഥാന ശമ്പളം | - Rs.37,400/- |
| ഗ്രേഡ് പേ | - Rs.10,000/- |

അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ലഭിച്ച ലാസ്റ്റ് പേ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.ഗോപകുമാറിന്റെ 7/2010 ലെ എല്ലാ അലവൻസുകളോടും കൂടിയ ശമ്പളം 49,683/- രൂപയായിരുന്നു. 19.07.2010 ൽ ഫിനാൻസ് ഓഫീസറുടെ സ്കെയിലിൽ ശമ്പളം നിജപ്പെടുത്തിയപ്പോൾ പേ, ഗ്രേഡ് പേ, ഡി.എ എന്നീ ഇനങ്ങളിൽ മാത്രം ശമ്പളം 68,730/- രൂപയായി ഉയർന്നിട്ടുണ്ട്. അദ്ദേഹത്തിന് അനുവദനീയമായ വീട്ടുവാടകബത്തയുടെ കാര്യത്തിൽ സ്പഷ്ടീകരണത്തിനായി ആരോഗ്യ കുടുംബക്ഷേമവകുപ്പ് സെക്രട്ടറിക്ക് 23.04.2011 ലെ 113/അഡ്മിൻ/2010/കെ.യു.എച്ച്.എസ് എന്ന നമ്പർ പ്രകാരം സർവ്വകലാശാല കത്തയച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടായിട്ടില്ല. പിന്നീട് അദ്ദേഹത്തിന് സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർക്കു നൽകുന്ന താമസസൗകര്യത്തിന്റെ ചെലവ് റീഇംബേഴ്സ്മെന്റ് എന്ന ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ.ഗോപകുമാറിന്റെ ഡെപ്യൂട്ടേഷൻ കാലാവധി വിവിധ ഉത്തരവുകളാൽ സർവ്വകലാശാല

25.03.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ശ്രീ.ഗോപകുമാറിന്റെ നിയമനം സംബന്ധിച്ച് താഴെ പറയുന്ന പരാമർശങ്ങൾക്ക് സർവ്വകലാശാല വിശദീകരണം നൽകേണ്ടതാണ്.

3.2.1. നിയമനത്തിന്റെ ആധികാരികത

ശ്രീ.ഗോപകുമാറിനെ ഫൈനാൻസ് ഓഫീസറായി നിയമിച്ച 26.05.2010 ലെ 46/2010/അഡ്മിൻ എന്ന നമ്പറിലുള്ള ഉത്തരവിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓർഡിനൻസിലെ വകുപ്പ് 16, ഇടക്കാലവ്യവസ്ഥയെ സംബന്ധിച്ച വകുപ്പായ 92(2) എന്നിവ അനുസരിച്ചാണ് നിയമിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഓർഡിനൻസിലെ വകുപ്പ് 16 ൽ ഫൈനാൻസ് ഓഫീസറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. വകുപ്പ് 16(1)(ii) പ്രകാരം വൈസ് ചാൻസലർ നേരിട്ടുള്ള നിയമനം മുഖേനയോ ഡെപ്യൂട്ടേഷൻ മുഖേനയോ ഫൈനാൻസ് ഓഫീസറെ നിയമിക്കേണ്ടതും, നേരിട്ടുള്ള നിയമനത്തിന്റെ സംഗതിയിൽ, ഫൈനാൻസ് ഓഫീസറെ അതത് സ്റ്റാറ്റ്യൂട്ടുകളാൽ നിയമിക്കപ്പെടാവുന്ന പ്രകാരം ഈ ആവശ്യത്തിലേക്കായി രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേലായിരിക്കേണ്ടതുമാണ്. നേരിട്ടുള്ള നിയമനം മുഖേന നിയമിക്കപ്പെടുന്ന ഫൈനാൻസ് ഓഫീസറുടെ യോഗ്യതകളും ശംബളവും മറ്റ് സേവനവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണെന്ന് ഓർഡിനൻസിലെ 16(1)(iii)-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിയമന സമയത്ത് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കപ്പെട്ടിരുന്നില്ല.ഏതെങ്കിലും വിഷയം സ്റ്റാറ്റ്യൂട്ടുകളോ റഗുലേഷനുകളോ മുഖേന ക്രമപ്പെടുത്തേണ്ട ആവശ്യമുണ്ടാവുകയും എന്നാൽ അക്കാര്യത്തിനായി സ്റ്റാറ്റ്യൂട്ടുകളോ റഗുലേഷനുകളോ ഉണ്ടാക്കിയിട്ടില്ലാത്തിടത്ത് തൽസമയം ആവശ്യമാണെന്ന് വൈസ് ചാൻസലർ കരുതുന്ന അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വിഷയം ക്രമപ്പെടുത്തേണ്ടതും അതിനുശേഷം കഴിയുന്നത്ര വേഗം അംഗീകരിക്കുന്നതിനായി അവ ഗവേണിംഗ് കൗൺസിലിനോ മറ്റ് അധികാരസ്ഥാനത്തിനോ ബന്ധപ്പെട്ട നികായത്തിനോ സമർപ്പിക്കേണ്ടതാണെന്ന് ഓർഡിനൻസിലെ 12(8)-ാം വകുപ്പിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം നിയമനത്തിനാവശ്യമായ വ്യവസ്ഥകൾ രൂപീകരിച്ചിരുന്നില്ല. നിയമന വ്യവസ്ഥകളുടെ അഭാവം നിലനിൽക്കെയാണ് നിയമനം നടത്തിയിരിക്കുന്നത്.

ഓർഡിനൻസിലെ 92(2) പ്രകാരമുള്ള ഇടക്കാലവ്യവസ്ഥ:- ഓർഡിനൻസിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓർഡിനൻസ് പ്രകാരം യഥാവിധി ഒരു അധികാരസ്ഥാനത്തെ രൂപീകരിക്കുന്നതുവരെ ഈ ഓർഡിനൻസ് പ്രകാരമുള്ള അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുന്നതിനും നിർവ്വഹിക്കുന്നതിനും വേണ്ടി ആദ്യത്തെ വൈസ് ചാൻസലർക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഏതെങ്കിലും കമ്മിറ്റിയേയോ താത്ക്കാലികമായി നിയമിക്കുന്നതിലേക്കു അധികാരം നൽകുന്നതാണ്. വകുപ്പ് 19 പ്രകാരം സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയാണ്. i) സെനറ്റ്, ii)ഗവേണിംഗ് കൗൺസിൽ, iii)അക്കാദമിക് കൗൺസിൽ , iv)പരീക്ഷാബോർഡ്, v)പഠനബോർഡുകൾ,

vi) ഫാക്കൽറ്റികൾ, vii) ഫൈനാൻസ് കമ്മിറ്റി, viii) പ്ളാനിംഗ് കമ്മിറ്റി, ix) റിസർച്ച് കൗൺസിൽ, x) സർവ്വകലാശാല അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ, xi) സർവ്വകലാശാല എത്തിക്സ് കമ്മിറ്റി, xii) വിദ്യാർത്ഥി കൗൺസിൽ.

എന്നാൽ ഈ അധികാരസ്ഥാനങ്ങളിലേതിന്റേയെങ്കിലും അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുന്നതിനോ നിർവ്വഹിക്കുന്നതിനോ വേണ്ടിയല്ല ഫൈനാൻസ് ഓഫീസറെ നിയമിച്ചിരിക്കുന്നത്. ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥനാണ്. മാത്രമല്ല ഇടക്കാലവ്യവസ്ഥയിൽ താല്ക്കാലിക നിയമനം മാത്രമാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ഫൈനാൻസ് ഓഫീസറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിരിക്കുന്നത്.

മേൽ വിവരിച്ച സാഹചര്യത്തിൽ ഫൈനാൻസ് ഓഫീസറുടെ നിയമനത്തിന്റെ ആധികാരികത വ്യക്തമാക്കേണ്ടതും സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

### *3.2.2. യോഗ്യതകളും സേവനവ്യവസ്ഥകളും ശമ്പളവും*

ജി.ഒ (എം.എസ്) നമ്പർ 420/2009/ H & FWD തിയതി 08.12.2009 പ്രകാരം സൃഷ്ടിച്ച ഫൈനാൻസ് ഓഫീസറുടെ തസ്തികക്ക് യു.ജി.സി സ്കീം അനുസരിച്ചാണ് 37400-67000 + 10000 ഗ്രേഡ് പേ എന്ന ശമ്പളസ്കെയിൽ സർക്കാർ അനുവദിച്ചുനൽകിയിരിക്കുന്നത്. രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ ശമ്പളസ്കെയിൽ 37400-67000 + 10000 ഗ്രേഡ് പേ എന്നാക്കി പുതുക്കിയ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനയച്ച 31.12.2008 ലെ I-32/2006-u.II/V.I (ii) എന്ന നമ്പറിലുള്ള മാർഗ്ഗരേഖയിൽ രജിസ്ട്രാറുടെയും തത്തുല്യമായ മറ്റ് തസ്തികകളിലേക്കും നേരിട്ടുള്ള നിയമനത്തിന് ആവശ്യമായ യോഗ്യതകൾ നിർദ്ദേശിച്ചിരുന്നു. 04.04.2013 ലെ ജി.ഒ (പി) നമ്പർ 125/2013/ എച്ച് & എഫ്.ഡബ്ളിയു.ഡി പ്രകാരമാണ് ആദ്യ സ്റ്റാറ്റ്യൂട്ട് നിലവിൽവന്നത്. സ്റ്റാറ്റ്യൂട്ടിലെ 48(2) വ്യവസ്ഥയനുസരിച്ച് ഫൈനാൻസ് ഓഫീസറുടെ യോഗ്യതകളും നിശ്ചയിച്ചിട്ടുണ്ട്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകളും സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളും ശ്രീ.ഗോപകുമാറിന്റെ യോഗ്യതകളും ചുവടെ ചേർക്കുന്നു.

| യു.ജി.സി. സ്കീം പ്രകാരം ആവശ്യമായ യോഗ്യതകൾ | സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള യോഗ്യതകൾ | ശ്രീ.ഗോപകുമാറിന്റെ യോഗ്യതകൾ |
|---|---|---|
| 1. 55% മാർക്കോടെ അല്ലെങ്കിൽ യു.ജി.സി. യുടെ 7 പോയിന്റ് സ്കെയിലിൽ തത്തുല്യമായ ഗ്രേഡ് 'ബി' യോടെ മാസ്റ്റേഴ്സ് ബിരുദം കൂടാതെ<br>2.i) 7000 രൂപയിലോ അതിനു മുകളിലോ ഉള്ള 'അക്കാദമിക് ഗ്രേഡ് പേ ' യോടുകൂടി അസി. | i) ഒന്നാം ക്ളാസ് അല്ലെങ്കിൽ രണ്ടാം ക്ളാസ് ബിരുദം<br>ii) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഇന്ത്യയുടെ | i) ബി.കോം<br>ii) എസ്.എ.എസ് (കമേഴ്സ്യൽ)<br>iii) സീനിയർ ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| പ്രൊഫസർ തസ്തികയിൽ കുറഞ്ഞത് 15 വർഷത്തെ പ്രവൃത്തിപരിചയം അല്ലെങ്കിൽ 8000 രൂപയോ അതിനു മുകളിലോ ഉള്ള അക്കാദമിക് ഗ്രേഡ് പേ യിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും വിദ്യാഭ്യാസരംഗത്തുമുള്ള 8 വർഷത്തെ പ്രവൃത്തിപരിചയം<br>അല്ലെങ്കിൽ<br>ii) റിസർച്ച് സ്ഥാപനങ്ങളിലോ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ രണ്ടിലും ഉള്ള സദൃശമായ പ്രവൃത്തിപരിചയം<br>അല്ലെങ്കിൽ<br>iii) ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലോ തത്തുല്യമായ തസ്തികകളിലോ ഉള്ള 8 വർഷത്തെയടക്കം ആകെ 15 വർഷത്തെ പ്രവൃത്തിപരിചയം. | അസോസിയേറ്റ് മെംബർ അല്ലെങ്കിൽ ഫെല്ലോ<br><br>iii) യൂണിവേഴ്സിറ്റി സ്വയംഭരണ സ്ഥാപനം, പൊതുമേഖലാ സ്ഥാപനങ്ങൾ അല്ലെങ്കിൽ സർക്കാർ എന്നിവയിൽ എക്സിക്യൂട്ടീവ് കപ്പാസിറ്റിയിൽ ഫിനാൻസ് & അക്കൗണ്ടന്റ്സ് & ഓഡിറ്റ് എന്നിവയിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം. | (കമേഴ്സ്യൽ), ഓഡിറ്റ് ഓഫീസർ (കമേഴ്സ്യൽ) എന്നീ തസ്തികകളിലായി 12 വർഷം 9 മാസത്തെ പ്രവൃത്തിപരിചയം<br><br>iv) അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ/ സെക്ഷൻ ഓഫീസർ (കമേഴ്സ്യൽ) തസ്തികയിൽ 13 വർഷത്തെ പ്രവൃത്തിപരിചയം<br><br>v) സീനിയർ ഓഡിറ്റർ തസ്തികയിൽ 5 വർഷത്തെ പ്രവൃത്തിപരിചയം. |

നിയമനസമയത്ത് സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നിരുന്നില്ല. യു.ജി.സി സ്കീമനുസരിച്ച് ശമ്പള സ്കെയിലുള്ള തസ്തികയിൽ നിയമിക്കാൻ വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനോട് ഡെപ്യൂട്ടേഷനിൽ ഉദ്യോഗസ്ഥരെ വിട്ടുതരാൻ ആവശ്യപ്പെട്ടപ്പോൾ യോഗ്യതയെക്കുറിച്ച് പരാമർശിക്കുന്നില്ല. യോഗ്യതയെക്കുറിച്ച് സർവ്വകലാശാലയിൽ തന്നെയും വ്യക്തതയുണ്ടാക്കിയിരുന്നുമില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയോ നിർദ്ദേശമോ യോഗ്യത സംബന്ധിച്ചോ സേവനവേതനവ്യവസ്ഥകൾ സംബന്ധിച്ചോ ഉണ്ടായിരുന്നില്ല, ആവശ്യപ്പെട്ടിട്ടുമില്ല. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നൽകിയ പാനലിൽനിന്ന് നിയമനം നൽകുന്നതിന് അനുമതിക്കായി സർക്കാരിന് കത്തയച്ചപ്പോഴും നിയമന വ്യവസ്ഥകളോ ഉപാധികളോ എന്താണെന്നത് പറഞ്ഞിരുന്നില്ല. ഡെപ്യൂട്ടേഷന്റെ സേവന വേതന വ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിച്ച് നിയമനാനുമതി ഉത്തരവ് സർക്കാരിൽനിന്നും ലഭിക്കുന്നതിന് മുമ്പുതന്നെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ വ്യവസ്ഥകളനുസരിച്ച് ശ്രീ.ഗോപകുമാറിനെ നിയമിക്കുകയാണ് ഉണ്ടായത്
.

*3.2.3 ഡെപ്യൂട്ടേഷൻ കാലാവധി പുതുക്കുന്നതിലും വ്യവസ്ഥകൾ പാലിച്ചില്ല.*

സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നതിനുശേഷവും നേരിട്ടുള്ള നിയമനത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സ്റ്റാറ്റ്യൂട്ടിലെ 52(a) വ്യവസ്ഥയനുസരിച്ച് നേരിട്ടുള്ള നിയമനത്തിന് യോഗ്യനായ ഉദ്യോഗസ്ഥനെ ലഭിക്കാതെ വരുന്ന സന്ദർഭത്തിൽ മാത്രമേ വൈസ് ചാൻസലർക്ക് കേരള സർക്കാരിനോടോ , ഇന്ത്യാ ഗവൺമെന്റിനോടോ നിർദ്ദിഷ്ട യോഗ്യതയും പ്രവൃത്തിപരിചയവുമുള്ളവരെ ഡെപ്യൂട്ടേഷനിൽ വിട്ടുതരാൻ ആവശ്യപ്പെടാവുന്നത്. മേൽ പറഞ്ഞ പട്ടികയിൽ നിന്നും ശ്രീ.ഗോപകുമാറിന് സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള യോഗ്യതയുണ്ടായിരുന്നില്ലെന്ന് വ്യക്തമാണ്. എന്നിട്ടും അദ്ദേഹത്തിന് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചുനൽകി. മാത്രമല്ല യോഗ്യതയുള്ളവരെ നേരിട്ട് നിയമിക്കുന്നതിന് ഒരു സമയത്തും ശ്രമിച്ചതുമില്ല.

നിശ്ചിത യോഗ്യതകളോടുകൂടിയ തസ്തികയിലേക്ക് യോഗ്യത പരിഗണിക്കാതെ നിയമനം നടത്തിയതിന്റേയും സർക്കാരിന്റെ അനുമതി കൂടാതെയും യോഗ്യതകൾ വ്യക്തമാക്കാതെയും ഏകപക്ഷീയ ഉപാധികളോടുകൂടിയ നിയമനം നടത്തി ശമ്പളവും ആനുകൂല്യവും നൽകിയതിന്റേയും ഡെപ്യൂട്ടേഷൻ നിയമാനുസൃതമായല്ലാതെ പുതുക്കിയതിന്റേയും അടിസ്ഥാനമെന്തെന്ന് വ്യക്തതയില്ല. അതിനാൽ മേൽ വിഷയത്തിൽ ഉചിതമായ തുടർ അന്വേഷണനടപടികൾ ഉണ്ടാകേണ്ടതാണ്.

## 3.3) ഡീനിന്റെ തസ്തികകളും നിയമനവും വിശദീകരണം ലഭ്യമാക്കണം

ജി.ഒ(എം.എസ്) 47/2010/എച്ച് & എഫ്.ഡബ്ളിയു.ഡി തിയതി 03.02.2010 പ്രകാരം സർവ്വകലാശാലയിൽ മൂന്ന് ഡീൻ തസ്തികകൾ 37400-67000 എന്ന ശമ്പള സ്കെയിലിൽ സർക്കാർ സൃഷ്ടിച്ചിരുന്നു. നേരിട്ടുള്ള നിയമനമോ ഡെപ്യൂട്ടേഷനോ ആണ് നിയമനരീതിയായി ഉത്തരവിൽ പ്രതിപാദിച്ചിരുന്നത്. യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 89/2011/അഡ്മിൻ തിയതി 10.10.2011 പ്രകാരം ശ്രീ.കെ.ബി.സുധികുമാറിനെ, ഡീൻ (സ്റ്റുഡന്റ് അഫയേഴ്സ്) ആയി നിയമിച്ചിട്ടുണ്ട്. സർക്കാർ ആയുർവേദ കോളേജിൽനിന്നും പ്രൊഫസർ തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ച അദ്ദേഹം 24.10.2011 ൽ സർവ്വകലാശാലയിൽ ചുമതലയേറ്റു. തൃശ്ശൂർ ഗവ.കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ.പ്രവീൺലാൽ കുറ്റിച്ചിറയെ ജി.ഒ.(ആർ.ടി) 3766/2011/എച്ച് & എഫ്.ഡബ്ളിയു.ഡി തിയതി 27.10.2011 പ്രകാരം ഡീൻ (റിസർച്ച്) ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്. ഡോ.പ്രവീൺലാൽ 16.11.2011 ൽ സർവ്വകലാശാലയിൽ ചുമതലയേറ്റിട്ടുണ്ട്.

കേരള ആരോഗ്യ സർവ്വകലാശാലാ ഓർഡിനൻസ്, 2010 (22.01.2010 ൽ വിളംബരപ്പെടുത്തിയത്), 24.01.2011 ൽ വിജ്ഞാപനം ചെയ്ത കേരള യൂണിവേഴ്സിറ്റി ഹെൽത്ത് സയൻസ് ആക്ട് 2010 എന്നിവയിലെ വകുപ്പ് 13 പ്രകാരം ഡീനിന്റെ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

അ) ഒരു ഫാക്കൽറ്റിക്ക് ഒരു ഡീൻ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം ബന്ധപ്പെട്ട വിഷയത്തിൽ ഒരു പ്രൊഫസർ പദവിയിൽ താഴെയല്ലാത്ത, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അദ്ധ്യാപന

പരിചയവും അങ്ങനെയുള്ള മറ്റ് യോഗ്യതകളും ഉള്ള ഒരു അദ്ധ്യാപകൻ ആയിരിക്കേണ്ടതുമാണ്.

ആ) ഓരോ ഫാക്കൽറ്റിയുടേയും ഡീനിനെ, ഫാക്കൽറ്റി അംഗങ്ങൾക്കിടയിൽനിന്നും വൈസ് ചാൻസിലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കുപരിയായി, സ്റ്റുഡന്റ് അഫയേഴ്സ്, റിസർച്ച് എന്നി ചുമതലകളോടെ ഡീനിനെ നിയമിക്കാനുള്ള വ്യവസ്ഥകൾ ആക്ടിലോ ഓർഡിനൻസിലോ വ്യവസ്ഥ ചെയ്തിട്ടില്ല.ഡീനിന്റെ നിയമനസമയത്ത് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കപ്പെട്ടിരുന്നില്ല. ജി.ഒ(പി) നം.125/2013/എച്ച്&എഫ്.ഡബ്ളിയു.ഡി തിയതി 04.04.2013 പ്രകാരമാണ് സർക്കാർ ആദ്യ സ്റ്റാറ്റ്യൂട്ട് വിജ്ഞാപനം ചെയ്തത്. സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടേയും മറ്റു ഉദ്യോഗസ്ഥരുടേയും നിയമനരീതി, യോഗ്യത, സേവനവേതന വ്യവസ്ഥകൾ, അധികാരങ്ങൾ,ചുമതലകൾ എന്നിവയെല്ലാം സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഡീനിന്റെ യോഗ്യത, നിയമനരീതി, സേവനവേതന വ്യവസ്ഥകൾ തുടങ്ങിയവയെ സംബന്ധിച്ച് കൂടുതലായി ഒന്നും സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിക്കുന്നില്ല. സർവ്വകലാശാല നേരിട്ട് അദ്ധ്യാപനം നൽകുന്ന സ്കൂളുകളോ കോളേജുകളോ ആരംഭിച്ചിട്ടില്ല. അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്.

ഈ സാഹചര്യത്തിൽ സർക്കാർ ടി അനുവദിച്ച ഡീനിന്റെ തസ്തികകളെ സംബന്ധിച്ചും അതിലേക്ക് നിയമനം നടത്തിയതു സംബന്ധിച്ചും സർവ്വകലാശാല അവലംബിച്ച യോഗ്യതാമാനദണ്ഡങ്ങളും, ടി തസ്തികകൾക്കു ഭരമേൽപ്പിച്ച ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാം എന്നതിലും രേഖാമൂലമുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3.4) ശമ്പള നിർണ്ണയത്തിന്റെ നിജസ്ഥിതി പരിശോധിക്കാനായില്ല

സർവ്വകലാശാലയുടെ പ്രോ.വൈസ് ചാൻസലറായി ഡോ.സി.രത്നാകരൻ 05.05.2010 ന് ചുമതലയേറ്റതായി ഹാജർ പുസ്തകത്തിൽനിന്നും വ്യക്തമാകുന്നു. 05.05.2010 മുതൽ 31.05.2010 വരെയുള്ള ശമ്പളയിനത്തിൽ 58,258/- രൂപ വൗച്ചർ നമ്പർ 76/10-11/21.06.2010 പ്രകാരം ഡോ.സി.രത്നാകരൻ കൈപ്പറ്റിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശമ്പള ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിരക്ക് | തുക(27 ദിവസത്തേക്ക്) |
|---|---|---|
| അടിസ്ഥാന ശമ്പളം | 37400 | 32574 |
| ഗ്രേഡ് പേ | 12000 | 10452 |
| ഡി.എ @ 27% | | 11617 |
| വീട്ടുവാടകബത്ത | 150 | 131 |
| പ്രത്യേക അലവൻസ് | 4000 | 3484 |
| | | ------- |
| ആകെ | | 58258 |
| (-) ആദായനികുതി,TDS | | 5000 |
| | | -------- |
| അറ്റ തുക | | 53258 |

=====

അദ്യത്തെ ശമ്പളബില്ലിനോടൊപ്പം അദ്ദേഹത്തിന്റെ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവ്, ശമ്പള നിർണ്ണയ ഉത്തരവ് എന്നിവ സൂക്ഷിച്ചിട്ടില്ല. പരിശോധന നടത്തിയ 2012 മാർച്ച് മാസംവരെയും 37400 + 12000 (GP) + 4000 (സ്പെഷൽ പേ) എന്ന നിരക്കിലാണ് അദ്ദേഹം ശമ്പളം കൈപ്പറ്റിയിരിക്കുന്നത്..

29.05.2010 ന് ചേർന്ന ഗവേണിംഗ് കൗൺസിലിന്റെ പ്രഥമയോഗത്തിൽ സമർപ്പിച്ച സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഡോ.രത്നാകരനെ [ജി.എസ്5. 889/2010 തിയതി 19.04.2010-ാം നമ്പർ വിജ്ഞാപനപ്രകാരം] പ്രോ വൈസ്ചാൻസലറായി നിയമിച്ചത് 21-ാ മത്തെ ഇനമായി ചേർത്തിട്ടുണ്ട്. ഇതിൽ നിന്നും അദ്ദേഹം റീഎംപ്ളോയ്ഡ് പെൻഷണർ ആണെന്നു വ്യക്തമാണ്. കേരള സർവ്വീസ് ചട്ടം ബാധകമായ തസ്തികകളിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പുനർനിയമനം ലഭിച്ചാൽ കേരള സർവ്വീസ് ചട്ടത്തിന്റെ ഭാഗം III ലെ ചട്ടം 100 പ്രകാരമാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. ഈ ചട്ടപ്രകാരം റിട്ടയർ ചെയ്ത സമയത്ത് വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽനിന്നും ബേസിക് പെൻഷൻ കുറവുവരുത്തിയ തുകക്കും കുറവുവരുത്തുന്നതിനുമുമ്പുള്ള അടിസ്ഥാനശമ്പളത്തിന്മേൽ ക്ഷാമബത്തക്കും, വീട്ടുവാടകബത്ത, സി.സി.എ എന്നീ അലവൻസുകൾക്കുമാണ് പുനർനിയമനം ലഭിച്ച ഉദ്യോഗസ്ഥന് അർഹത. പെൻഷനുമേലുള്ള ക്ഷാമാശ്വാസത്തിന് പുനർനിയമനം ലഭിച്ച ഉദ്യോഗസ്ഥന് അർഹതയില്ലാത്തതുമാണ്. എന്നാൽ ഇപ്രകാരമല്ല ഡോ.സി.രത്നാകരന് ശമ്പളം അനുവദിച്ചിരിക്കുന്നതെന്ന് ശമ്പളബില്ലിൽനിന്നും വ്യക്തമാണ്.

പ്രോ വൈസ് ചാൻസലറുടെ നിയമനം, ശമ്പള നിർണ്ണയം എന്നിവ സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വസിഷൻ നമ്പർ 81/17.11.14, 84/09.02.15, 97/25.03.15 എന്നിവ മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് ലഭ്യമാക്കിയെങ്കിലും പരിശോധനക്കുമൻപേ തിരികെ വാങ്ങിയതിനാൽ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവിൽ ശമ്പളനിർണ്ണയം ഏതു രീതിയിൽ നടത്തണമെന്ന നിർദ്ദേശമുണ്ടായിരുന്നുവോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ വിഷയത്തിത്തൽ വിശദമായ മറുപടി സർവ്വകലാശാല ലഭ്യമാക്കേണ്ടതാണ്.

### 3.5) രജിസ്ട്രാറുടെ പുനർനിയമനം - നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ രജിസ്ട്രാറായി നിയമിതനായ കോഴിക്കോട് ഡെന്റൽ കോളേജ് പ്രിൻസിപ്പൽ ആയ ഡോ.ഐപ്പ് വർഗ്ഗീസ് 30.04.2011 ന് സർക്കാർ സേവനത്തിൽ നിന്നും വിരമിച്ചു. പുതിയ രജിസ്ട്രാറെ നിയമിക്കുന്നതുവരെയോ ആറുമാസം വരെയോ ഏതാണ് ആദ്യം വരുന്നത് അതുവരെ ഡോ.ഐപ്പ് വർഗ്ഗീസിനെ തന്നെ കേരള ആരോഗ്യ സർവ്വകലാശാലാ നിയമത്തിലെ വകുപ്പ് 14(4) പ്രകാരം രജിസ്ട്രാറായി 29.04.2011 ലെ നമ്പർ 156/അഡ്മിൻ/2011/കെ.യു.എച്ച്.എസ് ഉത്തരവ് പ്രകാരം നിയമിച്ചു. 31.04.2011 ന് സർക്കാർ

സേവനത്തിൽ നിന്നും വിരമിച്ച ഡോ.ഐപ്പ് വർഗ്ഗീസ് ഇതനുസരിച്ച് 02.05.2011 ന് വീണ്ടും രജിസ്ട്രാറായി നിയമിതനായി.

പുതിയ രജിസ്ട്രാറെ കണ്ടെത്തുന്നതിന് പ്രധാനപ്പെട്ട ദിനപത്രങ്ങളിൽ 29.04.2011 ലെ 1701/അഡ്മിൻ/കെ.യു.എച്ച്.എസ് പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതായും അതിന്റെ അടിസ്ഥാനത്തിൽ ഹാജരായ 6 അപേക്ഷകരിൽനിന്നും 31.05.2011 ൽ സെലക്ഷൻ കമ്മിറ്റി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ഡോ.ഐപ്പ് വർഗ്ഗീസിനെ വീണ്ടും രജിസ്ട്രാറായി തെരഞ്ഞെടുത്തതായും വൈസ് ചാൻസലറുടെ 08.06.2011 ലെ 48/അഡ്മിൻ/2011/കെ.യു.എച്ച്.എസ് എന്ന നമ്പറിലുള്ള നിയമന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഡോ.ഐപ്പ് വർഗ്ഗീസ് 37400-67000 + ഗ്രേഡ് പേ 10,000 എന്ന സ്കെയിലിൽ 08.06.2011 ന് രജിസ്ട്രാറായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ ശമ്പളം കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 100 പാർട്ട് III പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

ഫയൽ പരിശോധിക്കുവാൻ സാധിക്കാത്തതിനാൽ ഉത്തരവിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങളുടെ നിജസ്ഥിതി വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

**3.6) സിസ്റ്റം മാനേജർ തസ്തികയുടെ യോഗ്യത നിർണ്ണയിച്ചതിന്റേയും നിയമനം നടത്തിയതിന്റേയും വിശദാംശങ്ങൾ ലഭ്യമായില്ല.**

ജി.ഒ (എം.എസ്) 47/2010/എച്ച് & എഫ്.ഡബ്ലിയു.ഡി തിയതി 03.02.2010 പ്രകാരം സർവ്വകലാശാലയിൽ 23200-31150 എന്ന ശമ്പളസ്കെയിലിൽ സിസ്റ്റം മാനേജരുടെ ഒരു തസ്തിക സൃഷ്ടിച്ചിരുന്നു. നേരിട്ടുള്ള നിയമനമോ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിൽനിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനമോ ആയിരുന്നു ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ യോഗ്യതകളെക്കുറിച്ച് ഉത്തരവിൽ പ്രതിപാദിച്ചിരുന്നില്ല. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ഓർഡിനൻസ്, 2010 ലെ വകുപ്പ് 23(xxxv) അനുസരിച്ച് ഗവേണിംഗ് കൗൺസിൽ നിർമ്മിക്കുന്ന സ്റ്റാറ്റ്യൂട്ടുകളനുസരിച്ചാണ് എല്ലാ ഓഫീസർമാരുടെയും യോഗ്യത നിശ്ചയിക്കേണ്ടത്. മാത്രമല്ല സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സ്റ്റാറ്റ്യൂട്ടുകളാൽ ശമ്പളസ്കെയിൽ നിർണ്ണയിക്കുകയും നിയമനരീതി നിശ്ചയിക്കുകയും നിയമനം നടത്തുകയും ചെയ്യണമെന്നും മേൽ വകുപ്പിൽ നിഷ്കർഷിക്കുന്നു.

സർവ്വകലാശാല ഉത്തരവ് നമ്പർ 99/അഡ്മിൻ/2010/കെ.യു.എച്ച്.എസ് തിയതി 15.07.2010 പ്രകാരം ശ്രീ.കെ.ഹരിലാൽ എന്നയാളെ 23200-31150 എന്ന ശമ്പളസ്കെയിലിൽ സിസ്റ്റം മാനേജരായി നിയമിച്ചിട്ടുണ്ട്. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ഓർഡിനൻസ് , 2010 ലെ വകുപ്പ് 12(10) പ്രകാരമാണ് ശ്രീ.ഹരിലാലിന് നിയമനം നൽകിയിരിക്കുന്നതെന്ന് പറയുന്നു. ശ്രീ.കെ.ഹരിലാൽ 26.07.2010 അപരാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 7/2010 ലെ ശമ്പളയിനത്തിൽ വൗച്ചർ നമ്പർ 154/07.08.2010 പ്രകാരം 6,161/- രൂപ ശ്രീ.കെ.ഹരിലാലിന് നൽകിയിട്ടുമുണ്ട്.

നിയമന ഉത്തരവിൽ പറയുന്ന 12(10) എന്നത് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ

രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള വൈസ് ചാൻസലറുടെ അധികാരത്തെ സംബന്ധിച്ചുള്ളതാണ്. എന്നാൽ തസ്തികയുടെ യോഗ്യത സംബന്ധിച്ചും സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ചും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഗവേണിംഗ് കൗൺസിൽ സ്റ്റാറ്റ്യൂട്ടുകൾ തയ്യാറാക്കിയിരുന്നില്ല. ഓഡിറ്റ് റിക്വസിഷൻ നമ്പർ 97/25.03.2015 പ്രകാരം ഫയൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല (നിയമനം സംബന്ധിച്ച ഫയൽ ഒരിക്കൽ ഹാജരാക്കിയെങ്കിലും പരിശോധനക്ക് മുമ്പേ തിരികെ വാങ്ങിയിരുന്നു). അതിനാൽ തസ്തികക്കുവേണ്ട യോഗ്യതകൾ നിർണ്ണയിച്ചതായോ നിർണ്ണയിച്ചിരുന്നെങ്കിൽ ആയത് ആര് തയ്യാറാക്കി ഏതു രീതിയിലാണെന്നും നിയമനത്തിന്റെ നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെട്ടത് എന്തെല്ലാമായിരുന്നെന്നും പരിശോധിക്കാനായിട്ടില്ല.

ശ്രീ.ഹരിലാലിന്റെ നിയമന ഉത്തരവിൽ സൂചന (2) ആയി ചേർത്തിരിക്കുന്നത് 'നോട്ടിഫിക്കേഷൻ' എന്ന തലക്കെട്ടോടുകൂടിയ 20.04.2010 ലെ 372/അഡ്മിൻ/2010/കെ.യു.എച്ച്.എസ് എന്ന നമ്പറിലുള്ള ഒരു പത്രപരസ്യമാണ്. സർവ്വകലാശാലയുടെ ആദ്യ ഗവേണിംഗ് കൗൺസിൽ യോഗം ചേർന്നിരിക്കുന്നത് 29.05.2010 നാണ്. ആയതിനാൽ പത്രപരസ്യത്തിൽ പറഞ്ഞിരിക്കുന്ന വിജ്ഞാപനത്തിൽ യോഗ്യതകൾ (നിയമനത്തിനുവേണ്ട യോഗ്യതകളും നിബന്ധനകളും) പരാമർശിച്ചിരുന്നപക്ഷം, ആയത് ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെയുള്ളത് ആയിരുന്നില്ല എന്നാണ് പ്രഥമദൃഷ്ട്യാ മനസ്സിലാക്കേണ്ടത്.

### 3.7) കൺസൾട്ടൻസി തുക വർദ്ധിപ്പിച്ചുനൽകി

ആരോഗ്യശാസ്ത്ര സർവ്വകലാശാലക്ക് പരിസ്ഥിതി സൗഹാർദ്ദവും കാര്യക്ഷമമായ ഊർജ്ജ ഉപഭോഗവുമുള്ള 'ഗ്രീൻ കാമ്പസ് ' സ്ഥാപിക്കുന്നതിനുവേണ്ടി ടെക്നിക്കൽ കൺസൾട്ടന്റായി M/s ഇൻഡിഗോ ആർക്കിടെക്ട്സ്, തൃശ്ശൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. M/s ഇൻഡിഗോ ആർക്കിടെക്ട്സിന്, 31.03.2012 വരെ 10 ലക്ഷം രൂപ കൺസൾട്ടൻസി ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയതി | ആകെ തുക | നികുതിയും മറ്റ കിഴിവുകളും കഴിച്ച് തുക | കുറിപ്പുകൾ |
|---|---|---|---|
| 685/23.09.2011 | 2,50,000 | 2,45,000 | ഒന്നാം റണ്ണിംഗ് അക്കൗണ്ട് ബിൽ |
| 1598/09.03.2012 | 5,00,000 | 3,81,400 | രണ്ടാം റണ്ണിംഗ് അക്കൗണ്ട് ബിൽ |
| 1751/28.03.2012 | 2,50,000 | 2,25,000 | മൂന്നാം റണ്ണിംഗ് അക്കൗണ്ട് ബിൽ |

| | | | |
|---|---|---|---|
| ആകെ | 10,00,000 | | |

ടെക്നിക്കൽ കൺസൾട്ടൻസി സർവ്വീസിനായി ലാന്റ് സ്കേപ്പിംഗ്, ആർക്കിടെക്ച്ചർ, സിവിൽ & സ്ട്രക്ചറൽ എഞ്ചിനീയറിംഗ് തുടങ്ങിയ 7 വിഷയങ്ങളിൽ 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ' 14.07.2010 ലെ കെ.യു.എച്ച്.എസ്/EOI-Tcs/01/2010 എന്ന നമ്പറിലുള്ള പത്രപരസ്യം മുഖേന സർവ്വകലാശാല ക്ഷണിച്ചിരുന്നു. എന്നാൽ പങ്കെടുത്തവരെല്ലാം ഏതാനും വിഷയങ്ങളിൽ മാത്രം താല്പര്യം പ്രകടിപ്പിച്ചതിനാൽ'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്' ഫലപ്രദമല്ലെന്നും അതിനാൽ ഔദ്യോഗികമായി 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ' റദ്ദാക്കണമെന്നും പ്രൊജക്ട് ഡയറക്ടറുടെ 01.12.2010 ലെ ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല കാലതാമസം ഒഴിവാക്കുവാൻ വിവിധ വിഷയങ്ങളെയെല്ലാം ഒരുമിച്ച് ഒരൊറ്റ വിഷയമായി കണക്കാക്കി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റിൽ പങ്കെടുത്ത കൺസൾട്ടന്റുമാരിൽനിന്നും അന്യസംസ്ഥാനക്കാരെ ഒഴിവാക്കി പേരെടുത്തവരും കഴിവുതെളിയിച്ചവരുമായ കേരളത്തിൽനിന്നുള്ള 8 കൺസൾട്ടന്റുമാരെ ചർച്ചയിലൂടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി അവരിൽനിന്നും ടെണ്ടർ മുഖേന യോഗ്യരായവരെ തെരഞ്ഞെടുക്കാവുന്നതാണെന്നും പ്രസ്തുത കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് ഡയറക്ടറും പ്രൊ വൈസ് ചാൻസിലറും അടങ്ങുന്ന കമ്മിറ്റി 8 കൺസൾട്ടന്റുമാരുമായി ചർച്ച നടത്തുകയും തുടർന്ന് 22.10.2010 ൽ ചേർന്ന ഗ്രീൻ കാമ്പസ് കമ്മിറ്റി പ്രസ്തുത കൺസൾട്ടന്റുമാരിൽനിന്നും പുതിയ ടെണ്ടർ ക്ഷണിക്കുവാൻ അനുമതി നൽകുകയും ചെയ്തു. മാത്രമല്ല അതേവരെയുള്ള നടപടികൾക്ക് സാധൂകരണം നൽകുകയും ചെയ്തു. രജിസ്ട്രാറുടെ 22.10.2010 ലെ കെ.യു.എച്ച്.എസ്/EOI-Tcs/02 എന്ന നമ്പറിലുള്ള വിജ്ഞാപനപ്രകാരം 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ' റദ്ദാക്കിയിട്ടുണ്ട്. 05.11.2011 ൽ ആയിരുന്നു ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയതി. ടെണ്ടർ പത്രികയിൽ രണ്ടിനങ്ങളിൽ നിരക്ക് ക്വാട്ട് ചെയ്യുവാനാണ് കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിരുന്നത്. ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാമത്തെ ഇനം: Technical consultancy services for the infrastructure development project phase I under disciplines given in clause 3.2.2 and as per the scope detailed under clause 3.2.3-1,2,3 (I) to (v)

രണ്ടാമത്തെ ഇനം: Technical consultancy services for the infrastructure development project phase I under disciplines given in clause 3.2.2 and as per scope detailed under clause 3.2.3-1,2,3 (I) to (v) but including preparation of tender documents,tender scrutiny and evaluation, recommendation and

participation in discussion with the tenderers for construction tenders

മേൽ പറഞ്ഞ ഇനങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വ്യവസ്ഥ 3.2.2 പ്രകാരമുള്ള വിജ്ഞാനശാഖകൾ താഴെ പറയുന്നവയാണ്.

a) ലാന്റ് സ്കേപ്പിംഗ്
b) ആർക്കിടെക്ച്ചർ, ഇന്റീരിയർ ഡിസൈൻ & അക്കൗസ്റ്റിക്ക്സ്
c) സിവിൽ & സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ്
d) വാട്ടർ കൺസർവേഷൻ & വെയ്സ്റ്റ് വാട്ടർ മാനേജ്മെന്റ്-റെയിൻ വാട്ടർ ഹാർവസ്റ്റിംഗ്, വെയിസ്റ്റ് വാട്ടർ റീ സൈക്ക്ളിംഗ്
e) ഇലക്ട്രിക്കൽ & മെക്കാനിക്കൽ എഞ്ചിനീയറിംഗ്
f) ഇൻഫർമേഷൻ ടെക്നോളജി, ഇന്റലിജന്റ് ബിൽഡിംഗ് ടെക്നോളജി & കമ്മ്യൂണിക്കേഷൻ സിസ്റ്റംസ്
g) ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ്സ് & ടെക്ക്നീക്ക്സ്
h) ഫയർ സെഫ്റ്റി & പ്രൊട്ടക്ഷൻ എഞ്ചിനീയറിംഗ്

വ്യവസ്ഥ 3.2.3 പ്രകാരം കൺസൾട്ടന്റിന്റെ ചുമതലകൾ താഴെ പറയുന്നവയാണ്.

1. കാമ്പസ്സിന്റെ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക
2. കെട്ടിടത്തിന്റേയും മറ്റു സൗകര്യങ്ങളുടെയും രൂപരേഖ തയ്യാറാക്കുവാൻ ആവശ്യമായ വസ്തുതാശേഖരണത്തിനുവേണ്ടി വിശദമായ മണ്ണുപരിശോധന നടത്തുകയും
3. വ്യവസ്ഥ 3.2.2 പ്രകാരമുള്ള വിജ്ഞാനശാഖകളിൽ കൺസൾട്ടന്റ് താഴെ പറയുന്നവ ചെയ്യേണ്ടതാണ്.

a) കെട്ടിടത്തിന്റെ വിശദമായ രൂപരേഖ-ആർക്കിടെക്ച്ചറൽ, സ്ട്രക്ച്ചറൽ, ഇന്റീരിയർ എന്നിവ അടക്കം, മറ്റു സൗകര്യങ്ങളുടെ സാങ്കേതിക വിശദാംശങ്ങൾ. രൂപരേഖയിൽ ഗ്രീൻ കെട്ടിടനിർമ്മാണ സാങ്കേതിക വിദ്യ അവിഭാജ്യഘടകമായിരിക്കണം.
b) ടെണ്ടറിംഗ്, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ നിന്നും കെട്ടിടനിർമ്മാണാനുമതി എന്നിവക്കാവശ്യമായ രേഖകൾ, വർക്കിംഗ് ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കൽ
c) വിശദമായ എഞ്ചിനീയറിംഗ് സ്പെസിഫിക്കേഷൻ, ബിൽ ഓഫ് ക്വാണ്ടിറ്റിസ്(BOQ) എന്നിവ തയ്യാറാക്കൽ

d) സ്റ്റാറ്റ്യൂട്ടറി വകയിരുത്തലുകൾക്കാവശ്യമായ രേഖകൾ തയ്യാറാക്കൽ
e) മാസത്തിൽ ഒരുതവണയെങ്കിലും ഉള്ള ആനുകാലിക സ്ഥലസന്ദർശനം, അടിയന്തിര ഫോൺകോളുകൾ സ്വീകരിക്കൽ എന്നിവ

നിർമ്മാണപ്രവർത്തനത്തിന് ടെണ്ടർ ക്ഷണിക്കുന്ന സമയത്ത് അതിനാവശ്യമായ ടെണ്ടർ രേഖകൾ തയ്യാറാക്കുക, സമർപ്പിച്ച ടെണ്ടറുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ടെണ്ടറിൽ പങ്കെടുത്തവരുമായുള്ള കൂടിയാലോചനയിൽ പങ്കെടുക്കൽ എന്നിവയായിരുന്നു രണ്ടാമത്തെ ഇനത്തിൽ കൺസൾട്ടന്റ് ഒന്നാമത്തെ ഇനത്തെ അപേക്ഷിച്ച് അധികമായി ചെയ്യുവാനുണ്ടായിരുന്നത്.

08.11.2010 ൽ ടെണ്ടർ തുറന്നതിൽ ഒന്നാമത്തെ ഇനത്തിന് M/s ഇൻഡിഗോ ആർക്കിടെക്ട്സ് ക്വാട്ട് ചെയ്തിരുന്നത് 15.30 ലക്ഷം രൂപയും രണ്ടാമത്തെ ഇനത്തിന് 33 ലക്ഷം രൂപയുമായിരുന്നു. രണ്ടിനങ്ങൾക്കും മറ്റുള്ള സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കുറവായിരുന്നു ഇൻഡിഗോ ക്വാട്ട് ചെയ്തത്, കോസ്റ്റ് കം ക്വാളിറ്റി അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന സ്കോർ ലഭിച്ച M/s ഇൻഡിഗോ ആർക്കിടെക്ട്സ് ഒന്നാമത്തെ ഇനത്തിന് ക്വാട്ട് ചെയ്ത നിരക്ക് സർവ്വകലാശാല അംഗീകരിക്കുകയും 14.01.2011 ലെ 4646/പി.ഡബ്ളിയു/2010/കെ.യു.എച്ച്.എസ് കത്ത് പ്രകാരം സ്ഥാപനത്തിന് വർക്ക് ടെണ്ടർ നൽകുകയും ചെയ്തു. 08.02.2011 ൽ M/s ഇൻഡിഗോ ആർക്കിടെക്ട്സ് എന്ന സ്ഥാപനത്തിന്റെ ചീഫ് ആർക്കിടെക്ടായ ശ്രീ.റിയാസ് മുഹമ്മദുമായി സർവ്വകലാശാല രജിസ്ട്രാർ കരാറിലേർപ്പെട്ടു.

കരാറിലേർപ്പെട്ടതിനുശേഷം 25.05.2011 ൽ രണ്ടാമത്തെ ഇനത്തിന് ക്വാട്ട് ചെയ്ത നിരക്ക് 32 ലക്ഷമാക്കണമെന്നും രണ്ടാമത്തെ ഇനത്തിന് പരിഗണിക്കണമെന്നും കൺസൾട്ടന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രീൻ കാമ്പസ് കമ്മിറ്റിയുടെ 30.05.2011 ലെ 4643/പി.ഡബ്ളിയു/കെ.യു.എച്ച്.എസ് നമ്പറിലുള്ള കുറിപ്പിൽ നിലവിലെ ഘട്ടത്തിൽ തന്നെ കൺസൾട്ടന്റിന് സാമ്പത്തിക നഷ്ടം വന്നുകൊണ്ടിരിക്കുകയാണെന്നും ആയതിനാൽ രണ്ടാമത്തെ ഇനത്തിന് സ്ഥാപനത്തെ പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ വേഗത നഷ്ടപ്പെടുത്തുന്നത് ചെലവിന്റെ വർദ്ധനവിലും സമയ ദൈർഘ്യത്തിലും കാരണമായിത്തീരുമെന്നതിനാൽ 21.68 ലക്ഷം രൂപക്ക് രണ്ടാമത്തെ ഇനം M/s ഇൻഡിഗോ ആർക്കിടെക്ട്സിന് നൽകണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. 07.06.2011 ന് ഗ്രീൻ കാമ്പസ് കമ്മിറ്റിയും ഇൻഡിഗോ ആർക്കിടെക്ട്സുമായി നടത്തിയ ചർച്ചയിൽ 25 ലക്ഷം രൂപക്ക് രണ്ടാമത്തെ ഇനം M/s ഇൻഡിഗോ ആർക്കിടെക്ട്സിനെ ഏൽപ്പിക്കാൻ ധാരണയായി. അതിന്റെ അടിസ്ഥാനത്തിൽ 08.06.2011 ലെ 4643/പി.ഡബ്ളിയു/കെ.യു.എച്ച്.എസ് എന്ന നമ്പറിലുള്ള കത്ത്

പ്രകാരം പുതുക്കിയ വർക്ക് ഓർഡർ നൽകുകയും പൂർത്തീകരണ കാലാവധി 16.08.2011 വരെ ദീർഘിപ്പിക്കുകയും ചെയ്തു.

കൺസൾട്ടന്റിന്റെ നിരന്തരമായ സമ്മർദ്ദത്തിനു വഴങ്ങിയാണ് സർവ്വകലാശാല കരാറിലേർപ്പെട്ടതിനുശേഷവും കരാർ തുക വർദ്ധിപ്പിച്ചുനൽകയത്. ടെണ്ടർ പത്രികയിൽ തന്നെ ഒന്നാമത്തെ ഇനവും രണ്ടാമത്തെ ഇനവും തമ്മിലുള്ള അന്തരവും കൺസൾട്ടന്റിന്റെ ജോലിയുടെ വിഷയങ്ങളും ജോലിയുടെ വ്യാപ്തിയും വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. ഇതെല്ലാം കണക്കിലെടുത്താണ് കൺസൾട്ടന്റ് ഓരോ ഇനത്തിലും തുക രേഖപ്പെടുത്തിയിരുന്നത്. ടെണ്ടർ പത്രിക പ്രകാരം വളരെ കുറഞ്ഞ വ്യാപ്തിയേ ഒന്നാമത്തെ ഇനത്തിൽനിന്ന് കൂടുതലായി രണ്ടാമത്തെ ഇനത്തിൽ നിർവഹിക്കുവാനുണ്ടായിരുന്നുള്ളൂ. മാത്രമല്ല ഗ്രീൻ കാമ്പസ് കമ്മിറ്റി 06.02.2010 ൽ M/s ഇൻഡിഗോ ആർക്കിടെക്ട്സുമായി നടത്തിയ ചർച്ചയിൽ രണ്ടാമത്തെ ഇനത്തിനു സ്ഥാപനത്തെ പരിഗണിക്കണമെന്ന ആവശ്യം ഒന്നാമത്തെ ഇനത്തിന് ക്വാട്ട് ചെയ്ത നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ രണ്ടാമത്തെ ഇനത്തിന് ക്വാട്ട് ചെയ്ത നിരക്ക് അസാധാരണമാംവിധം അധികമാണെന്ന കാരണത്താൽ നിരസിക്കപ്പെട്ടതാണ്. ഈ സാഹചര്യത്തിൽ 15.3 ലക്ഷത്തിന് കരാറിലേർപ്പെട്ടശേഷം താരതമ്യേന അപ്രധാനമായ ഏതാനും ഇനങ്ങൾക്കുവേണ്ടി കരാർ തുക 25 ലക്ഷമായി വർദ്ധിപ്പിച്ചത് കരാറുകാരന് അനർഹമായ സാമ്പത്തിക സഹായം നൽകുന്നതിനു തുല്യമാണ്. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്. മാത്രമല്ല പുതുക്കിയ വർക്ക് ഓർഡർ പ്രകാരം 16.08.2011 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 31.03.2012 വരെ 40% പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. ലഭ്യമായ ഫയൽ പ്രകാരം 21.12.2012 ലും 60% പ്രവൃത്തി മാത്രമാണ് (15,00,000 രൂപ) പൂർത്തീകരിച്ചിരിക്കുന്നത്. കൺസൾട്ടന്റിന് കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റേയും കൺസൾട്ടന്റ് പ്രവൃത്തി പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട ഫൈനൽ ബില്ലിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 3.8) കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസ് നൽകി.

സർവ്വകലാശാലയുടെ ആസ്ഥാനമന്ദിരത്തിന്റെ കരാർ ഏറ്റെടുത്ത M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയതി | തുക (രൂപ) |
|---|---|
| 1115/21.01.12 | 2,94,00,000 |
| 1116/21.02.12(ടി.ഡി.എസ്) | 6,00,000 |
| ആകെ | 3,00,00,000 |

M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനവുമായി 11.11.2011 ൽ ഏർപ്പെട്ട കരാറിലെ പൊതുവ്യവസ്ഥ 14.2, പ്രത്യേക വ്യവസ്ഥ 7.1 പ്രകാരം കരാർ തുകയുടെ 15% മൊബിലൈസേഷൻ അഡ്വാൻസായി സ്ഥാപനത്തിന് നൽകേണ്ടതാണെന്നും ഇതനുസരിച്ചാണ് 3 കോടി രൂപ പലിശയില്ലാതെ പ്രസ്തുത സ്ഥാപനത്തിന് അനുവദിക്കുന്നതെന്നും രജിസ്ട്രാറുടെ 17.01.2012 ലെ 1531/2011/ഐ.ഡി.പി/വർക്ക്സ്/കെ.യു.എച്ച്.എസ് എന്ന നമ്പറിലുള്ള ഉത്തരവിൽ പറയുന്നു(കരാർ ഉൾപ്പെടെയുള്ള ഫയൽ ലഭ്യമായിട്ടില്ല).

എന്നാൽ കേരള പി.ഡബ്ളിയു.ഡി കോഡിലെ ഖണ്ഡിക 181 പ്രകാരം പ്രവൃത്തിസ്ഥലത്ത് കരാറുകാരൻ എത്തിക്കുന്ന സാധനസാമഗ്രികൾ സെക്യൂരിറ്റിയായി കണക്കാക്കിക്കൊണ്ട് അവയുടെ അളവിന്റെ അടിസ്ഥാനത്തിൽ നൽകുന്ന മുൻകൂർ ഒഴികെ മറ്റൊരു തരത്തിലുള്ള മുൻകൂറുകളും കരാറുകാരന് നൽകുന്നത് നിരോധിക്കപ്പെട്ടിട്ടുള്ളതാണ്.യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തിക്ക തുല്യമായ തുക മാത്രമേ കരാറുകാരന് നൽകാവൂ എന്നും പ്രസ്തുത ഖണ്ഡികയിൽ വ്യക്തമാക്കുന്നു. 06.02.12 നാണ് M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രവൃത്തി സ്ഥലം കൈമാറിയിരിക്കുന്നത് (അജണ്ടയുടെ 7.10 ഗവേണിംഗ് കൗൺസിൽ മിനിറ്റ്സ് തിയതി 10.03.12). പ്രവൃത്തിയിടം കൈമാറുന്നതിന് മുമ്പാണ് തുക നൽകിയിരിക്കുന്നത്.

M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയതിന്റെ സാധുത പരിശോധിക്കാനായി മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ആവശ്യപ്പെട്ടിരുന്നെങ്കിലും (റിക്വസിഷൻ നം.94 തിയതി 20.03.15) ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ച രീതി, സ്ഥാപനവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ, എസ്റ്റിമേറ്റ് , എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് എന്നിവയൊന്നും പരിശോധിക്കാനായിട്ടില്ല. മാത്രമല്ല 3 കോടി രൂപ സ്ഥാപനം കൈപ്പറ്റിയതിന്റെ (ആദായനികുതിയിനത്തിൽ അടവാക്കിയ 6 ലക്ഷം അടക്കം) രശീതിയും ലഭ്യമായിട്ടില്ല.

കേരള പി.ഡബ്ളിയു.ഡി കോഡ് പ്രകാരം കരാറുകാരന് മുൻകൂർ നൽകുന്നത്

നിരോധിക്കപ്പെട്ടിട്ടുള്ളതിനാലും അതിൽനിന്നും വ്യത്യസ്തമായ സർക്കാർ അംഗീകൃത നിർവ്വഹണരീതിയാണ് അവലംബിച്ചതെന്ന് സാധൂകരിക്കാനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനു മുൻകൂർ നൽകാൻ നടത്തിയ 3 കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ചുമതല വ്യക്തമല്ല.

ആരോഗ്യ സർവ്വകലാശാലയുടെ കാമ്പസ് നിർമ്മാണത്തിനായി ടെക്നിക്കൽ കൺസൾട്ടന്റായി M/s ഇൻഡിഗോ ആർക്കിടെക്ട്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 08.02.2011 ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ കരാറിലെ ഇനങ്ങൾക്കു പുറമെ നിർമ്മാണപ്രവർത്തനത്തിന് ടെണ്ടർ ക്ഷണിക്കുന്ന സമയത്ത് അതിനാവശ്യമായ ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സമർപ്പിച്ച ടെണ്ടറുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ടെണ്ടറിൽ പങ്കെടുത്തവരുമായുള്ള കൂടിയാലോചനയിൽ പങ്കെടുക്കൽ എന്നീ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി ഇൻഡിഗോ ആർക്കിടെക്ട്സിന് വർക്ക് ഓർഡർ പുതുക്കി നൽകിയിട്ടുണ്ട്. ഇതോടൊപ്പം കരാർ തുക 15.3 ലക്ഷത്തിൽനിന്ന് 25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു.

സർവ്വകലാശാലയുടെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനവുമായി 11.11.2011 ൽ 24.6 കോടി രൂപക്ക് സർവ്വകലാശാല കരാറിലേർപ്പെട്ടു. HLL എന്ന സ്ഥാപനത്തിന് 06.02.2012 ലാണ് സൈറ്റ് കൈമാറിയതെന്നും കരാർ കാലാവധി 18 മാസമാണെന്നും അവർക്ക് 3 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും ഗവേണിംഗ് കൗൺസിലിന്റെ 10.03.12 ലെ യോഗത്തിന്റെ അജണ്ട 7.10 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല M/s HLL ലിമിറ്റഡ് എന്ന സ്ഥാപനം പ്രസ്തുത പ്രവൃത്തി M/s ചെറിയാൻ വർക്കി എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.

M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചതു സംബന്ധിച്ച ഫയൽ പരിശോധനക്കു ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിന് ആസ്ഥാനമന്ദിര നിർമ്മാണ പ്രക്രിയയിലെ പങ്ക് വ്യക്തമല്ല. മത്രമല്ല M/s ഇൻഡിഗോ ആർക്കിടെക്ട്സിനെ 25 ലക്ഷം രൂപക്ക് ടെക്നിക്കൽ കൺസൾട്ടന്റായി ഏൽപ്പിച്ചിട്ടുള്ളതുമാണ്. കൺസൾട്ടൻസി കരാർ നിലനിൽക്കെ തന്നെ ടെണ്ടർ മുഖേന കരാറുകാരെ നേരിട്ടു പ്രവൃത്തി ഏൽപ്പിക്കുന്നതിനു പകരം M/s HLL എന്ന സ്ഥാപനം മുഖേന M/s ചെറിയാൻ വർക്കി എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചതിന്റെ യുക്തി

വ്യക്തമാക്കേണ്ടതാണ്. M/s ഇൻഡിഗോ എന്ന സ്ഥാപനം നിർവ്വഹിക്കേണ്ട ജോലികൾ ടെണ്ടർ പത്രികയിലും വർക്ക് ഓർഡറിലും വ്യക്തമാക്കിയിരുന്നതുമാണ്. ഇതിൽനിന്നും വ്യത്യസ്തമായ ഏതെല്ലാം പ്രവൃത്തികളാണ് M/s HLL ലൈഫ് കെയർ എന്ന സ്ഥാപനം നിർവ്വഹിച്ചതെന്നും അറിയിക്കേണ്ടതാണ്. മാത്രവുമല്ല മേൽ ചേർത്ത രണ്ട് സ്ഥാപനങ്ങളും നൽകിയ സേവനം എന്തെന്നത് സർവ്വകലാശാല നിയമിച്ച പ്രൊജക്ട് ഡയറക്ടറുടെ ചുമതലകളുമായുള്ള ബന്ധത്തിൽ വിശകലനവിധേയമാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യമാണ് .

### 3.9) 2012 ലെ ഡയറി ,കലണ്ടർ അച്ചടി-ടെണ്ടർ നടപടിക്രമങ്ങൾ - കൃത്രിമമായുണ്ടാക്കിയത്

ആരോഗ്യസർവ്വകലാശാലയുടെ 2012 ലെ ഡയറി കലണ്ടർ എന്നിവ അച്ചടിച്ചതുമായി ബന്ധപ്പെട്ട് 2011-12 വർത്തിൽ 2,93,524/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 1023/06.01.2012). 2012 ലെ ഡയറി, കലണ്ടർ അച്ചടിയുമായി ബന്ധപ്പെട്ട ഫയൽ (ഫയൽ നം.2620/പർച്ചേസ്/കെ.യു.എച്ച്.എസ്/2011) പരിശോധനയിൽ, ടെണ്ടർ നടപടിക്രമങ്ങൾ ഒട്ടുംതന്നെ സുതാര്യമായിരുന്നില്ലെന്ന് താഴെ പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിലയിരുത്തുന്നു.

1. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയതി 03.08.2011 ആയിരിക്കേ, ടെണ്ടറിൽ പങ്കെടുത്ത ആകെയുള്ള മൂന്ന് സ്ഥാപനങ്ങളും 03.08.2012 എന്ന തിയതിയാണ് ടെണ്ടർ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ക്ളറിക്കൽ പിശക് സംഭവിച്ചതാണ് എന്ന് കരുതാമെങ്കിലും മൂന്ന് വ്യത്യസ്ഥ സ്ഥാപനങ്ങളും ഒരേ തെറ്റ് വരുത്തിയത് അസ്വാഭാവികമാണ്.

2.ടെണ്ടറിൽ പങ്കെടുത്ത 3 സ്ഥാപനങ്ങളും ഹാജരാക്കിയിട്ടുള്ള പ്രാഥമിക ഉടമ്പടിയുടെ മുദ്രപത്രങ്ങൾ തൃശ്ശൂരുള്ള സ്റ്റാമ്പ് വേണ്ടറിൽനിന്നും ഒരേ തിയതിയിൽ അടുത്ത ക്രമനമ്പറുകളിലുള്ളതാണ്.(രണ്ട് സ്ഥാപനങ്ങൾ കോഴിക്കോടുള്ളതാണെന്നിരിക്കെയാണ് ഇപ്രകാരം സംഭവിച്ചത് എന്നതും ശ്രദ്ധേയം)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മുദ്രപത്രവിവരങ്ങൾ |
|---|---|---|
| 1 | ഏരീസ് ഗ്രഫിക്സ്, ചിറ്റഞ്ഞൂർ, തൃശ്ശൂർ | ക്രമ നം. 14286/03.08.11 ,Rs.100/-<br>വെണ്ടർ ഫ്രാൻസിസ്.ജെ.പനക്കൽ |
| 2 | സമഗ്ര, യു.കെ.എസ് റോഡ്, കോഴിക്കോട് | ക്രമ നം. 14287/03.08.11 ,Rs.100/-<br>വെണ്ടർ ഫ്രാൻസിസ്.ജെ.പനക്കൽ |
| 3 | ശാരദ പ്രസ്, ചെവായൂർ, കോഴിക്കോട് | ക്രമ നം. 14288/03.08.11 ,Rs.100/-<br>വെണ്ടർ ഫ്രാൻസിസ്.ജെ.പനക്കൽ |

3. മൂന്ന് സ്ഥാപനങ്ങളും നിരദ്രവ്യമായി സമർപ്പിച്ച ഡി.ഡി. കൾ എസ്.ബി.ഐ കുഹാസ്

ബ്രാഞ്ചിൽനിന്നും ഒരേ തിയതിയിൽ ഒരേ സമയംതന്നെ എടുത്തതാണെന്നും കാണാവുന്നതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡി.ഡി.യുടെ വിവരങ്ങൾ |
|---|---|---|
| 1 | ഏരീസ് ഗ്രഫിക്സ്, ചിറ്റഞ്ഞൂർ, തൃശ്ശൂർ | ഡി.ഡി. നം. 291772/03.08.11, Rs.2967/- |
| 2 | സമഗ്ര, യു.കെ.എസ് റോഡ്, കോഴിക്കോട് | ഡി.ഡി. നം. 291767/03.08.11, Rs.3063/- |
| 3 | ശാരദ പ്രസ്, ചെവായൂർ, കോഴിക്കോട് | ഡി.ഡി. നം. 291769/03.08.11, Rs.3095/- |

